2023 OCTOBER
30
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## റിലയൻസിന്റെ രണ്ടാം പാദ അറ്റാദായത്തിൽ 27% വർധന

**നൂദൽഹി:** റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് സെപ്റ്റംബർ പാദത്തിലെ അറ്റാദായത്തിൽ 27% വർദ്ധന നേടി. ഫാഷൻ, ലൈഫ്സ്റ്റൈൽ, ഗ്രോസറി, ഇകൊമേഴ്സ് എന്നിവയിൽ നിന്നുള്ള വർദ്ധിച്ച വരുമാനത്തിനൊപ്പം എണ്ണ, വാതക മേഖലയിലെ മെച്ചപ്പെട്ട വരുമാനമാണ് ഈ വളർച്ചയ്ക്ക് കാരണമായത്.

202324 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ ജൂലൈ സെപ്റ്റംബറിൽ അറ്റാദായം 17,394 കോടി രൂപയാണ്. ഒരു വർഷം മുമ്പ് നേടിയ 13,656 കോടി രൂപയേക്കാൾ 27.3 ശതമാനം കൂടുതലാണ്.

## ഉള്ളിവില ഉയരുന്നു, കരുതൽ ശേഖരം ഇറക്കാൻ ഒരുങ്ങി കേന്ദ്രം



**നൂദൽഹി:** രാജ്യത്തെ ശരാശരി റീട്ടെയിൽ ഉള്ളി വില 57 ശതമാനം ഉയർന്ന് കിലോയ്ക്ക് 47 രൂപയായതിനാൽ, ചില്ലറ വിപണിയിൽ ഒരു കിലോയ്ക്ക് 25 രൂപ സബ്സിഡി നിരക്കിൽ കരുതൽ ഉള്ളിയുടെ വിൽപ്പന വർദ്ധിപ്പിക്കാൻ കേന്ദ്രം തീരുമാനിച്ചു. ഡൽഹിയിൽ ഇന്നലെ ഉള്ളിയുടെ ചില്ലറ വിൽപന വില കിലോഗ്രാമിന് 40 രൂപയായിരുന്നു, മുൻ വർഷം ഇതേ കാലയളവിൽ കിലോയ്ക്ക് 30 രൂപയായിരുന്നു വില. ഓഗസ്റ്റ് പകുതി മുതൽ, ഏകദേശം 1.7 ലക്ഷം ടൺ ബഫർ ഉള്ളി 22 സംസ്ഥാനങ്ങളിൽ നിന്ന് വിവിധ സ്ഥലങ്ങളിൽ കയറ്റി അയച്ചിട്ടുണ്ട്.

കാലാവസ്ഥാ കാരണങ്ങളാൽ ഖാരിഫ് ഉള്ളി വിതയ്ക്കുന്നതിൽ കാലതാമസം വരുത്തിയതാണ് ഉള്ളിയുടെ വരവ് വൈകാൻ കാരണം .'പുതിയ ഖാരിഫ് ഉള്ളി ഇപ്പോൾ എത്തിത്തുടങ്ങേണ്ടതായിരുന്നു, പക്ഷേ വന്നിട്ടില്ല. സംഭരിച്ച റാബി ഉള്ളി തീർന്നുപോകുകയും ഖാരിഫ് ഉള്ളിയുടെ വരവ് വൈകുകയും ചെയ്തതിനാൽ, വിതരണത്തിൽ കടുത്ത സാഹചര്യമുണ്ട്, ഇത് മൊത്തവ്യാപാര വിപണിയിലും ചില്ലറ വിപണിയിലും വില വർധിക്കാൻ കാരണമായി' ഉപഭോക്തൃ കാര്യ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ പറയുന്നു. നടപ്പുവർഷത്തെ ഉള്ളി സ്റ്റോക്ക് സർക്കാർ ഇരട്ടിയാക്കിയിട്ടുണ്ടെന്നും ഇത് ആഭ്യന്തര ലഭ്യത മെച്ചപ്പെടുത്തണമെന്നും വരും ദിവസങ്ങളിൽ വില കുറയുമെന്നും ഉപഭോക്തൃകാര്യ മന്ത്രാലയം പറയുന്നു.

## മെറാൽഡ ജൂവൽസ് മംഗളൂരു ഷോറൂം ഉദ്ഘാടനം ചെയ്തു




**കൊച്ചി:** മെറാൽഡ ജ്വല്ലറിയുടെ നാലാമത്തെ ഷോറൂം മംഗളൂരു ബൽമട്ട റോഡിൽ സിനിമാതാരം ആതിയ ഷെട്ടി ഉദ്ഘാടനം ചെയ്തു. കർണാടക സ്പീക്കർ യു.ടി. ഖാദർ, മംഗളൂരു സിറ്റി സൗത്ത് മണ്ഡലം എംഎൽഎ ഡി. വേദവ്യാസ് കമത്ത്, സുധീർ ഷെട്ടി തുടങ്ങിയവർ പങ്കെടുത്തു.

വധുവിന് ആഭരണങ്ങൾ തെരഞ്ഞെടുക്കാൻ പ്രത്യേകം സജ്ജമാക്കിയ ബ്രൈഡ് ടു ബി കളക്ഷനും ആകർഷകമായ ഡിസൈനുകളിലുള്ള ഡെയ്‌ലി വെയർ ആഭരണങ്ങൾക്കായി എവരി ഡേ മെറാൽഡ കളക്ഷനും ഓരോ ഉപഭോക്താവിൻറെയും താത്പര്യങ്ങളും അഭിരുചികളും മനസിലാക്കി ആഭരണങ്ങൾ കസ്റ്റമൈസ് ചെയ്യാനുമുള്ള സംവിധാനങ്ങളും മംഗളൂരു മെറാൽഡ ഷോറൂമിൻറെ പ്രത്യേകതയാണ്. ഉദ്ഘാടനം പ്രമാണിച്ച് ആദ്യത്തെ രണ്ടാഴ്ച ഓരോ 50,000 രൂപയുടെ പർച്ചേസിനും സ്വർണ നാണയം സമ്മാനമായി ലഭിക്കും.

# കളമശേരി സ്ഫോടനം; മരണ സംഖ്യ മൂന്നായി



**കൊച്ചി:** കളമശേരി കൺവെൻഷൻ സെൻറർ സ്ഫോടനത്തിൽ മരണ സംഖ്യ മൂന്നായി. പരിക്കേറ്റ് ചികിത്സയിലായിരുന്ന 12 വയസുകാരിയും മരണത്തിനു കീഴടങ്ങി. മലയാറ്റൂർ സ്വദേശി ലിബിനയാണ് മരിച്ചത്.

സ്ഫോടനത്തിൽ 95 ശതമാനം പൊള്ളലേറ്റ് വെൻറിലേറ്ററിൽ ചികിത്സയിൽ കഴിയുകയായിരുന്നു. കുട്ടിക്ക് ആവശ്യമായ ചികിത്സകൾ മെഡിക്കൽ ബോർഡിൻറെ നിർദേശപ്രകാരം നൽകി വരികയായിരുന്നു.

എന്നാൽ, ആരോഗ്യനില വഷളായതിനെത്തുടർന്ന് മരുന്നുകളോട് പ്രതികരിക്കാതെ വരുകയും ഇന്ന് പുലർച്ചെ 12.40ന് ജീവൻ വെടിയുകയുമായിരുന്നെന്ന് അധികൃതർ അറിയിച്ചു. സ്ഫോടനത്തിൽ പരിക്കേറ്റ 51 പേർ ചികിത്സയിലുണ്ട്. ഇതിൽ 17 പേരുടെ നില ഗുരുതരമാണ്.

എറണാകുളം കുറുപ്പുംപടി സ്വദേശി ലയോണ പൗലോസ് (60), തൊടുപുഴ സ്വദേശിയായ കുമാരി (53) എന്നിവരാണ് ആദ്യം മരിച്ചത്.

ലയോണ പൗലോസിനെ വൈകിട്ടാണ് തിരിച്ചറിഞ്ഞത്. സ്ഫോടനത്തിൽ ആദ്യം മരിച്ച സ്ത്രീയാണ് ലയോണ. ലയോണയെ കാണാത്തതിനെതുടർന്ന് ബന്ധു പോലീസിൽ പരാതിപ്പെടുകയായിരുന്നു. തുടർന്നാണ് രാത്രി വൈകി മൃതദേഹം തിരിച്ചറിഞ്ഞത്.

ലയോണ ഒറ്റക്കാണ് കൺവെൻഷനെത്തിയത്. ഇവരുടെ കയ്യിലുണ്ടായിരുന്ന മോതിരം കണ്ടാണ് ബന്ധു തിരിച്ചറിഞ്ഞത്. വിദേശത്തുള്ള മകൾ നാളെ എത്തിയശേഷം മൃതദേഹം തിരിച്ചറിയണം.

ഇതിനുശേഷം മാത്രമേ മൃതദേഹം വിട്ടുകൊടുക്കുന്ന നടപടി ഉൾപ്പെടെ സ്വീകരിക്കുകയുള്ളു. അടുത്ത ബന്ധുക്കൾ സ്ഥലത്ത് ഇല്ലാത്തതാണ് മൃതദേഹം തിരിച്ചറിയാൻ വൈകിയത്.

കളമശേരി നെസ്റ്റിനു സമീപം ഉള്ള കൺവെൻഷൻ സെൻററിൽ ഞായറാഴ്ച രാവിലെ 9.40ഓടെയാണ് സ്ഫോടനം നടന്നത്. സംഭവത്തിൽ പ്രതിയായ എറണാകുളം കടവന്ത്ര സ്വദേശി ഡൊമിനിക് മാർട്ടിൻ പോലീസിൽ കീഴടങ്ങിയിരുന്നു. ഇയാൾ നിലവിൽ പോലീസ് കസ്റ്റഡിയിലാണ്. ഇയാൾക്കെതിരേ യുഎപിഎ ചുമത്തിയിട്ടുണ്ട്.





കലൂർ പാവക്കുളം ക്ഷേത്രത്തിലെത്തിയ നിയുക്ത ശബരിമല മേൽശാന്തി പുത്തില്ലത്ത് പി.എൻ മഹേഷ് നമ്പൂതിരിയെ ക്ഷേത്രം മേൽശാന്തിയും മുൻ ഗുരുവായൂർ,ശബരിമല മേൽശാന്തിയുമായ എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി തുളസിമാല അണിയിച്ച് സ്വീകരിച്ചപ്പോൾ. വേണു, ഹരി നമ്പൂതിരി, ഒ ഉണ്ണികൃഷ്ണമോനോൻ, വി. ശ്രീകുമാർ തുടങ്ങിയവർ സമീപം

# നിയുക്ത ശബരിമല മേൽശാന്തി പി.എൻ മഹേഷ് നമ്പൂതിരിക്ക് കലൂർ പാവക്കുളം ക്ഷേത്രത്തിൽ വരേൽപ്പ് നൽകി

**കൊച്ചി:**നിയുക്ത ശബരിമല മേൽശാന്തി പുത്തില്ലത്ത് പി.എൻ മഹേഷ് നമ്പൂതിരിക്ക് കലൂർ പാവക്കുളം ക്ഷേത്രത്തിൽ വരേൽപ്പ് നൽകി. വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന സമിതിയുടെയും ക്ഷേത്രസമിതിയുടെയും നേതൃത്വത്തിൽ നൽകിയ വരവേൽപ്പിൽ നിരവധി ഭക്തരും പങ്കെടുത്തു.

ക്ഷേത്രം കീഴ്ശാന്തി ഹരി നമ്പൂതിരി പൂർണ്ണം കുഭം നൽകിയും മേൽശാന്തിയും മുൻ ഗുരുവായൂർ,ശബരിമല മേൽശാന്തിയുമായ എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി തുളസിമാല അണിയിച്ചുമാണ് നിയുക്ത ശബരിമല മേൽശാന്തിയെ ക്ഷേത്ര സന്നിധിയിലേക്ക് ആനയിച്ചത്. തുടർന്ന് ക്ഷേത്രാങ്കണത്തിൽ നടന്ന അനുമോദന സമ്മേളനത്തിൽ മഹേഷ് നമ്പൂതിരി അനുഗ്രഹ പ്രഭാഷണം നടത്തി. ക്ഷമയോടെയുള്ള കാത്തിരിപ്പ് നിഷ്ഫലമാകില്ലെന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണ് തനിക്ക് ലഭിച്ചിരിക്കുന്ന നിയോഗമെന്ന് മഹേഷ് നമ്പൂതിരി പറഞ്ഞു. ശബരിമലയിൽ അയ്യപ്പനെ സേവിക്കുകയെന്നത് തന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു.അതിനായി കഴിഞ്ഞ 10 വർഷം അപേക്ഷ നൽകിയെങ്കിലും ഇപ്പോഴാണ് അനുഗ്രം തേടിയെത്തിയതെന്നും നിയുക്ത ശബരിമല മേൽശാന്തി കൂട്ടിച്ചേർത്തു.

എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, മഹേഷ് നമ്പൂതിരിയുടെ സഹോദരൻ പുത്തില്ലത്ത് മധു നമ്പൂതിരി, ക്ഷേത്രസമിതി പ്രസിഡന്റ് ടി.പങ്കജാക്ഷൻ, സെക്രട്ടറി വിനോദ് കരോളിൽ, ജോയിന്റ് സെക്രട്ടറി ഒ.ഉണ്ണികൃഷ്ണമേനോൻ, വി.എച്ച്.പി ജില്ലാ പ്രസിഡന്റ് വി.ശ്രീകുമാർ, ജില്ലാ സെക്രട്ടറി പി.കെ ജയേഷ് ബി.ജെ.പി സംസ്ഥാന വക്താവ് സി.വി സജിനി തുടങ്ങിയവർ സംസാരിച്ചു.

# ഹിൽപാലസ് പുരാവസ്തു മ്യൂസിയം 39ാം സ്ഥാപക വാർഷികം ആഘോഷിച്ചു

**കൊച്ചി:** ഹിൽപാലസ് പുരാവസ്തു മ്യൂസിയം 39ാം സ്ഥാപക വാർഷികം പുരാവസ്തു വകുപ്പിന്റെയും പൈതൃക പഠന കേന്ദ്രത്തിന്റെയും സംയുക്ത അഭിമുഖത്തിൽ വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു. മ്യൂസിയം ഹാളിൽ നടന്ന ചടങ്ങ് അനൂപ് ജേക്കബ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. തൃപ്പൂണിത്തുറ നഗരസഭ ചെയർപേഴ്സൺ രമാ സന്തോഷ് അധ്യക്ഷത വഹിച്ചു.

പൈതൃക പഠന കേന്ദ്രം ഡയറക്ടർ ജനറൽ ഡോ: എം.കെ രാഘവ വാരിയർ മുഖ്യപ്രഭാഷണം നടത്തി.

ഹിൽ പാലസ് മ്യൂസിയം സ്ഥാപക വാർഷികത്തിന്റെ ഭാഗമായി വെണ്ണക്കൽ കാഴ്ചകൾ എന്ന പേരിൽ മാർബിൾ കലാരൂപങ്ങളുടെ പ്രത്യേക പ്രദർശനവും ഒരുക്കിയിട്ടുണ്ട്. പ്രദർശന ഉദ്ഘാടനം തൃപ്പൂണിത്തുറ നഗരസഭാ ചെയർപേഴ്സൺ രമാ സന്തോഷ് നിർവഹിച്ചു. പ്രദർശനം 10 ദിവസം നീണ്ടുനിൽക്കും.

കൊച്ചി രാജവംശത്തിന്റെ കൊട്ടാരം എന്നറിയപ്പെടുന്ന തൃപ്പൂണിത്തുറ കനകക്കുന്ന് കൊട്ടാരം, കുന്നുമ്മേൽ കൊട്ടാരം ഇപ്പോൾ ഹിൽപാലസ് മ്യൂസിയം എന്ന പേരിലാണ് അറിയപ്പെടുന്നത്. അവസാനത്തെ രാജാവായിരുന്നു രാമവർമ്മ പരീക്ഷിത്ത് തമ്പുരാൻ 1964ൽ തീപ്പെട്ടതോടെ ഹിൽപാലസും 51.75 ഏക്കർ സ്ഥലവും പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡിന്റെ നിയന്ത്രണത്തിന് കീഴിലായി. കൊട്ടാരത്തിന്റെയും ചുറ്റുമുള്ള വസ്തുക്കളുടെയും നോക്കി നടത്തിപ്പിനും പരിപാലനത്തിനുമായി കേരള ചാരിറ്റബിൾ സൊസൈറ്റി അനുസരിച്ച് ഒരു ട്രസ്റ്റും രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. 1972 കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഈ കൊട്ടാരം പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡിൽ നിന്നും പാട്ടത്തിനെടുത്ത് അവരുടെ ആസ്ഥാനം അവിടേക്ക് മാറ്റി.

കൊട്ടാരത്തിന്റെ ചരിത്രപരമായ പ്രാധാന്യവും കെട്ടിടങ്ങളുടെ നിർമ്മാണ ചാരുതിയും മറ്റും കണക്കിലെടുത്ത് 1981ൽ സംസ്ഥാന പുരാവസ്തു വകുപ്പ് ഈ കൊട്ടാരവും ചുറ്റുമുള്ള സ്ഥലവും ഏറ്റെടുത്ത് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പുതുക്കി പണിതു. തുടർന്ന് 1984 ൽ കൊട്ടാരത്തിൽ ഒരു പുരാവസ്തു കാഴ്ചബംഗ്ലാവ് സജ്ജീകരിച്ചു. എന്നാൽ സാങ്കേതികമായ ചില കാരണങ്ങൾ മൂലം 1986ലാണ് ഹിൽ പാലസ് പുരാവസ്തു മ്യൂസിയം സന്ദർശകർക്കായി തുറന്നുകൊടുക്കാൻ സാധിച്ചത്.

ഔഷധസസ്യങ്ങൾ ഉൾപ്പെടെ അത്യപൂർവ്വമായ ഒട്ടനവധി സസ്യശേഖരങ്ങൾ ഉൾപ്പെടുന്ന ഈ കൊട്ടാരവളപ്പിൽ പരമ്പരാഗത വാസ്തുവിദ്യയിലും യൂറോപ്യൻ ശൈലിയിലുമുള്ള 49 കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നു. ഇതുകൂടാതെ വിവിധ തരത്തിലുള്ള മാനുകൾ, മ്ലാവ് എന്നിവ ഉൾപ്പെടുന്ന മാൻ പാർക്കും കുട്ടികൾക്കുള്ള പാർക്കും സജ്ജീകരിച്ചിട്ടുണ്ട്.

ഹിൽപാലസ് സ്ഥാപക വാർഷിക ആഘോഷത്തിന്റെ ചടങ്ങിൽ ഹിൽപാലസ് ചാർജ് ഓഫീസർ കെ. വി ശ്രീനാഥ്, തൃപ്പൂണിത്തറ നഗരസഭ വാർഡ് കൗൺസിലർ സി.കെ ഷിബു, സ്റ്റാഫ് കൗൺസിൽ പ്രസിഡന്റ് കെ.ടി സാജൻ, മ്യൂസിയം ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# ജാവ യെസ്ഡി ദീപാവലി ഉത്സവ ഓഫർ പ്രഖ്യാപിച്ചു

**കൊച്ചി:** ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് ദീപാവലി ആഘോഷങ്ങളോടനുബന്ധിച്ച് പ്രത്യേക ഓഫറുകൾ പ്രഖ്യാപിച്ചു. 1,888 രൂപ മുതൽ ആരംഭിക്കുന്ന ആകർഷകമായ ഇഎംഐകളും, ദീപാവലി വരെ നടത്തുന്ന എല്ലാ ഡെലിവറികൾക്കും നാല് വർഷത്തെ അല്ലെങ്കിൽ 50,000 കിലോമീറ്റർ വരെ അധിക വാറന്റിയും ഉൾപ്പെടുന്നതാണ് ഈ പരിമിത കാല ഓഫർ.

ഐതിഹാസിക ഡിസൈൻ, മികച്ച പ്രകടനം, പതിറ്റാണ്ടുകളുടെ സമ്പന്നമായ പൈതൃകം എന്നിവയ്ക്ക് എപ്പോഴും പേരുകേട്ടതാണ് ജാവ യെസ്ഡി മോട്ടോർസൈക്കിൾ ശ്രേണി. കൂടുതൽ ഉപഭോക്താക്കളിലേക്ക് ഈ ഐതിഹാസിക മോട്ടോർസൈക്കിളുകൾ ലഭ്യമാക്കുക എന്നതാണ് ഈ പ്രത്യേക ഓഫറിലൂടെ ബ്രാൻഡ് ലക്ഷ്യമിടുന്നത്. ജാവ, ജാവ 42, ജാവ 42 ബോബർ, ജാവ പെരാക്ക് എന്നിവ ഉൾപ്പെടുന്നതാണ് ജാവ മോട്ടോർസൈക്കിൾ നിര. യെസ്ഡി റോസ്റ്റർ, യെസ്ഡി സ്ക്രാമ്പ്ളർ, യെസ്ഡി അഡ്വഞ്ചർ എന്നിവയാണ് യെസ്ഡി മോട്ടോർസൈക്കിൾ ശ്രേണിയിൽ വരുന്നത്.

# എറണാകുളം റവന്യൂ ജില്ല സ്കൂൾ ശാസ്ത്രോത്സവം: ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** എറണാകുളം റവന്യൂ ജില്ല സ്കൂൾ ശാസ്ത്രോത്സവത്തിന്റെ ലോഗോ പ്രകാശനം സ്വാഗതസംഘം ചെയർമാൻ കൂടിയായ എറണാകുളം എംഎൽഎ ടി.ജെ വിനോദും രക്ഷാധികാരിയായ ജില്ലാ കളക്ടർ എൻ. എസ്. കെ. ഉമേഷും കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് സംയുക്തമായി നിർവ്വഹിച്ചു.

ഉദയംപേരൂർ എസ്.എൻ.ഡി.പി. വിദ്യാലയത്തിലെ പ്ലസ് വൺ വിദ്യാർത്ഥിയായ ആയുഷ് ദേവ് ആണ് ലോഗാ തയ്യാറാക്കിയത്. ചടങ്ങിൽ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഹണി. ജി. അലക്സാണ്ടർ പബ്ലിസിറ്റി കമ്മിറ്റി കൺവീനർമാരായ എൽ. ശ്രീകുമാർ , ജി.വെങ്കിടേശ് തുടങ്ങിയവർ സന്നിഹിതരായിരുന്നു നവംബർ 2, 3 ദിവസങ്ങളിൽ എറണാകുളം ഗവൺമെൻറ് ഗേൾസ് എച്ച്.എസ്.എസ്., സെന്റ് ആന്റണീസ് എച്ച്. എസ്. എസ്, സെന്റ് ആൽബർട്ട്സ് എച്ച്. എസ്. എസ് , ദാറുൽ ഉലൂം എച്ച്. എസ്. എസ് കരുവേലിപടി , എസ്. ആർ. വി. എച്ച്. എസ്. എസ് എന്നീ വിദ്യാലയങ്ങളിൽ വെച്ചാണ് ശാസ്ത്ര മേള നടത്തപ്പെടുന്നത്.

# ഡീസൽ ഓട്ടോറിക്ഷകളുടെ കാലപരിധി 22 വർഷമായി ഉയർത്തി

**തിരുവനന്തപുരം:** ഡീസൽ ഓട്ടോറിക്ഷകൾ മറ്റ് ഹരിത ഇന്ധനങ്ങളിലേയ്ക്ക് മാറാനുള്ള കാലപരിധി 22 വർഷമായി ദീർഘിപ്പിച്ച് നൽകാൻ ഗതാഗത മന്ത്രി ആന്റണി രാജു ഉത്തരവ് നൽകി. നിലവിലെ സ്ഥിതിയിൽ 15 വർഷം പൂർത്തിയായ ഓട്ടോറിക്ഷകൾ മറ്റ് ഹരിത ഇന്ധനങ്ങളിലേയ്ക്ക് മാറേണ്ടതുണ്ട്.

ഡീസൽ ഓട്ടോറിക്ഷകൾ ഹരിത ഇന്ധനത്തിലേയ്ക്ക് മാറുന്നതിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് കാലതാമസം നേരിടുന്നത് കണക്കിലെടുത്തും, കോവിഡ് മഹാമാരികാലത്ത് രണ്ട് വർഷക്കാലം ഓട്ടോറിക്ഷകൾ നിരത്തിലിറക്കാൻ കഴിയാതിരുന്ന സാഹചര്യം പരിഗണിച്ചും ഇതര ഡീസൽ വാഹനങ്ങൾക്ക് ഇത്തരം നിയന്ത്രണമില്ല എന്നതിനാലുമാണ് വർഷം തോറും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടുന്ന ഡീസൽ ഓട്ടോറിക്ഷകളുടെ കാലാവധി 15 വർഷത്തിൽ നിന്നും 22 വർഷമായി ഉയർത്തുന്നത്.

ഉപജീവനത്തിനായി ഓട്ടോറിക്ഷാ ഓടിക്കുന്ന കേരളത്തിലെ അൻപതിനായിരത്തിലധികം പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു.

# ലോജിസ്റ്റിക്സ് & സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) നോളജ് സെന്ററുകളിലൂടെ നടത്തുന്ന പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് & സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു.

പ്ലസ് ടു , വി എച്ച് എസ് ഇ, ഡിപ്ലോമ എന്നിവയോ അതിൽ കൂടുതലോ വിദ്യാഭ്യാസ യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. വിവിധ ജില്ലകളിൽ പഠന കേന്ദ്രങ്ങളുള്ള കോഴ്സിന് ഓരോ സെന്ററിലും ആദ്യ ബാച്ചിൽ 30 വിദ്യാർത്ഥികൾക്കാണ് അവസരം ലഭിക്കുക.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും എറണാകുളം, കലൂർ എം.ഇ.എസ് ബിൽഡിംഗിലുള്ള കെൽട്രോൺ പഠന കേന്ദ്രം നേരിട്ട് സന്ദർശിക്കുകയോ, 9526593830, 04842971400 എന്ന നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.



കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ പുതിയ വ്യാപാര ഭവൻ തറക്കല്ലിടലും വാർഷിക പൊതുയോഗവും പൊറ്റക്കുഴി ലിറ്റിൽ ഫ് ളവർ ഹാളിൽ വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്യുന്നു. കെ.എസ് നിഷാദ്,അഡ്വ.എ.ജെ റിയാസ്, എം.സി പോൾസൺ, എഡ്വേർഡ് ഫോസ്റ്റസ്, ജിമ്മി ചാക്യാത്ത്, എസ്.മനോജ്കുമാർ തുടങ്ങിയവർ സമീപം

# എളമക്കര വ്യാപാര ഭവന് തറക്കല്ലിട്ടു

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ പുതിയ വ്യാപാര ഭവന് തറക്കല്ലിട്ടു.

പൊറ്റക്കുഴി ലിറ്റിൽ ഫ് ളവർ ചർച്ചിനു സമീപം നിർമ്മിക്കുന്ന വ്യാപാര ഭവന്റെ ശിലാസ്ഥാപനം വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് നിർവ്വഹിച്ചു.തുടർന്ന് ലിറ്റിൽ ഫ് ളവർ ഹാളിൽ നടന്ന വാർഷിക പൊതുയോഗവും പി സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്തു.കേരളത്തിലെ വ്യാപാര മേഖലയിൽ ഉപജീവനം നടത്തുന്ന ഒന്നരക്കോടിയോളം പേരെ നോക്കുകുത്തിയാക്കുന്ന കാർബൂട്ട് സെയിൽ അംഗീകരിക്കില്ലെന്ന് പി.സി ജേക്കബ്ബ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ് അധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ റിയാസ് മുഖ്യപ്രഭാഷണം നടത്തി.

അംഗങ്ങളുടെ മക്കൾക്കുള്ള എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാഭ്യാസ അവാർഡ്, ഉന്നത വിദ്യാഭ്യാസ അവാർഡ് വിതരണം ജില്ലാ വൈസ് പ്രസിഡന്റുമാരായ എം.സി പോൾസൺ, ജിമ്മി ചാക്യാത്ത് എന്നിവർ ചടങ്ങിൽ നിർവ്വഹിച്ചു.

യൂണിറ്റ് ജനറൽ സെക്രട്ടറി എസ്.മനോജ്കുമാർ, വൈസ് പ്രസിഡന്റുമാരായ പി.വി മോഹൻദാസ്, ടി.എ ഉമ്മർ, സെക്രട്ടറിമാരായ സിൽവസ്റ്റർ, സി.യു താഹ, ട്രഷറർ പി.എ സഫറുള്ള, ഫിനാൻസ് കമ്മിറ്റി ചെയർമാൻ ടി.പി പുരുഷോത്തമൻ,യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് കെ.എസ് നിഷാദ്, കലൂർ യൂണിറ്റ് പ്രസിഡന്റ് കെ.എ നാദിർഷ, വനിതാ വിംഗ് എളമക്കര യൂണിറ്റ് പ്രസിഡന്റ് കെ.എസ് ബേബി തുടങ്ങിയവർ സംസാരിച്ചു.



## സംസ്ഥാനതല കലാ ഉത്സവ് 2023 മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്തു

**തൃശൂർ:** പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ സംസ്ഥാനതല കലാ ഉത്സവ് 2023 സംഘടിപ്പിച്ചു. റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ ഉദ്ഘാടനം നിർവഹിച്ചു.

തൃശൂർ നഗരത്തിലെ 10 വേദികളിലായാണ് കലാ ഉത്സവ് സംഘടിപ്പിച്ചത്. 14 ജില്ലകളിൽ നിന്നായി ഒമ്പതാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള 280 വിദ്യാർഥികൾ കലാ ഉത്സവിൽ പങ്കെടുത്തു. പത്ത് ഇനങ്ങളിൽ ആൺ, പെൺ എന്നീ വിഭാഗങ്ങളിലാണ് മത്സരം നടന്നത്. വിജയികൾക്ക് സർട്ടിഫിക്കറ്റും ദേശീയ മത്സരത്തിൽ പങ്കെടുക്കാനുള്ള യോഗ്യതയും ലഭിക്കും.

തൃശൂർ ഗവ. മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ സമഗ്ര ശിക്ഷ കേരള അസിസ്റ്റന്റ് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ കെ എസ് ശ്രീകല സ്വാഗതം ആശംസിച്ചു. തൃശൂർ കോർപ്പറേഷൻ മേയർ എം കെ വർഗ്ഗീസ് അധ്യക്ഷത വഹിച്ചു. പത്മശ്രീ പെരുവനം കുട്ടൻമാരാർ ചടങ്ങിൽ മുഖ്യാതിഥിയായി. കോർപ്പറേഷൻ വിദ്യാഭ്യാസ സ്ഥിരസമിതി അധ്യക്ഷൻ എൻ എ ഗോപകുമാർ, കൗൺസിലർ റെജി ജോയ്, എസ് എസ് കെ ജില്ലാ പ്രോജക്ട് കോർഡിനേറ്റർ എൻ ജെ ബിനോയി തുടങ്ങിയവർ പങ്കെടുത്തു.

# സമഗ്ര സ്ട്രോക്ക് ചികിത്സ എല്ലാ ജില്ലകളിലും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സമഗ്ര സ്ട്രോക്ക് ചികിത്സ യാഥാർത്ഥ്യമാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതിനായി വലിയ പരിശ്രമമാണ് നടത്തുന്നത്. രാജ്യത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ന്യൂറോ കാത്ത്ലാബ് ഉൾപ്പെട്ട സമഗ്ര സ്ട്രോക്ക് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. മറ്റ് പ്രധാന മെഡിക്കൽ കോളേജുകൾക്ക് പുറമേ 10 ജില്ലകളിൽ സ്ട്രോക്ക് ക്ലിനിക്കുകൾ സംസ്ഥാനത്ത് പ്രവർത്തനസജ്ജമാണ്. ബാക്കി ജില്ലകളിൽ കൂടി സ്ട്രോക്ക് ക്ലിനിക്കുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ആശുപത്രികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രോക്ക് ഐസിയുവും സ്ട്രോക്ക് ചികിത്സയ്ക്കുള്ള മറ്റ് സൗകര്യങ്ങളുമുണ്ടാകും. പക്ഷാഘാത ചികിൽത്സക്കുള്ള വിലയേറിയ മരുന്നായ ടിപിഎ സൗജന്യമായി ആശുപത്രികളിൽ വിതരണം ചെയ്തു വരുന്നതായും മന്ത്രി വ്യക്തമാക്കി.

ഒക്ടോബർ 29 ലോക പക്ഷാഘാത ദിനമാണ്. നമ്മുക്കൊന്നിച്ച് നീങ്ങാം സ്ട്രോക്കിനെക്കാളും ഉയരങ്ങളിൽ എന്നതാണ് ഈ വർഷത്തെ പക്ഷാഘാത ദിന സന്ദേശം. പക്ഷാഘാതത്തിലേക്ക് നയിക്കുന്ന കാരണങ്ങളായ രക്താതിമർദ്ദം, പുകവലി, വ്യായാമമില്ലായ്മ, അനാരോഗ്യകരമായ ഭക്ഷണരീതി, എന്നിവയെ നിയന്ത്രിക്കുന്നതിലൂടെ 90% പക്ഷാഘാതവും ഒഴിവാക്കാം എന്നതാണ് ഈ വർഷത്തെ സന്ദേശത്തിലൂടെ ഉദ്ദേശിക്കുന്നത്.

ലോകത്ത് ഓരോ 40 സെക്കന്റിലും ഒരു പക്ഷാഘാത കേസ് റിപ്പോർട്ട് ചെയ്യപ്പെടുന്നതായാണ് കണക്കാക്കപ്പെടുന്നത്. ഓരോ 4 മിനിട്ടിലും ഒരു പക്ഷാഘാത രോഗി മരിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഒരു ലക്ഷത്തിൽപരം ആൾക്കാർ എല്ലാ വർഷവും പക്ഷാഘാതം മൂലം മരണമടയുന്നുവെന്നാണ് വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്.



കേരളത്തിലും പക്ഷാഘാത രോഗികളുടെ എണ്ണം വർദ്ധിക്കുന്നതായി കാണുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും നിയന്ത്രണ വിധേയമാക്കാവുന്ന കാരണങ്ങൾ കൊണ്ട് ഉണ്ടാകുന്നതാണ്. ജീവിതശൈലി നിയന്ത്രണത്തിലൂടെ ഈ മഹാവിപത്ത് ഒഴിവാക്കാൻ സാധിക്കുന്നതാണ് എന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

സംസ്ഥാന ആരോഗ്യവകുപ്പ് പക്ഷാഘാത നിയന്ത്രണത്തിനായി ശിരസ് എന്ന പദ്ധതി സംസ്ഥാന വ്യാപകമായി ആരംഭിച്ചിട്ടുണ്ട്. ജില്ലാതല ആശുപത്രികളിൽ പക്ഷാഘാത ചികിൽത്സക്കുള്ള സംവിധാനങ്ങൾ ഒരുക്കുക, പക്ഷാഘാതം വന്നവർക്ക് ത്രോംബോലൈസിസ് ചികിൽസ നൽകുക, പക്ഷാഘാതം സ്ഥിരീകരിച്ചവർക്ക് ഫിസിയോതെറാപ്പികൾ ഉൾപ്പെടെയുള്ള പുനരധിവാസ സേവനങ്ങൾ നൽകുക തുടങ്ങിയവയാണ് സ്ട്രോക്ക് ക്ലിനിക്കുകളിലൂടെ നൽകുന്ന സേവനങ്ങൾ. ഇതിനായുള്ള പരിശീലനം ശ്രീ ചിത്രയിൽ നിന്നും ഡോക്ടർമാർക്കും, നഴ്സുമാർക്കും, ഫിസിയോതെറാപ്പിസ്റ്റുകൾക്കും നൽകിയിട്ടുണ്ട്.

പക്ഷാഘാത നിയന്ത്രണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് രക്തസമ്മർദ്ദവും, പ്രമേഹവും പരിശോധിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ പുരോഗമിച്ചു വരുന്നു. അൽപം ശ്രദ്ധ ആരോഗ്യ ഉറപ്പ് എന്ന കാമ്പേയിനിലൂടെ എല്ലാ വീടുകളിലും സന്ദർശനം നടത്തി ഈ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ബൃഹത് പദ്ധതി 85% ശതമാനത്തോളം ജനസംഖ്യ പിന്നിട്ടുകഴിഞ്ഞു. രോഗം കണ്ടെത്തുന്നവർക്ക് പ്രാഥമികാരോഗ്യതലം വരെ പ്രോട്ടോകോൾ പ്രകാരമുള്ള മരുന്നുകളും സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഇതിലൂടെ രക്താതിമർദ്ദത്തിന്റെ നിയന്ത്രണ നിരക്ക് 13% ത്തിൽ നിന്ന് 41% വരെ ഉയർത്താൻ സാധിച്ചുവെന്നതാണ് ശ്രദ്ധേയമായ നേട്ടം.

സ്ട്രോക്കിന് സമയബന്ധിതമായ ചികിത്സ അത്യാവശ്യമാണ്. വായ് കോട്ടം, കൈയ്ക്കോ കാലിനോ തളർച്ച, സംസാരത്തിന് കുഴച്ചിൽ എന്നീ ലക്ഷണങ്ങൾ ഒരാളിൽ കണ്ടാൽ സ്ട്രോക്ക് ആണെന്ന് സ്ഥിരീകരിക്കാം.

സ്ട്രോക്കിന്റെ രോഗ ലക്ഷണങ്ങൾ ആരംഭിച്ച് നാലര മണിക്കൂറിനുള്ളിൽ ചികിത്സാ കേന്ദ്രത്തിൽ എത്തിച്ചേർന്നെങ്കിൽ മാത്രമേ ഇതിന് ഫലപ്രദമായ ചികിത്സ നൽകുവാൻ സാധിക്കുകയുള്ളു. ഉടനടി ചികിത്സ ലഭ്യമാക്കിയില്ലെങ്കിൽ ചലനശേഷിയും സംസാരശേഷിയും തന്നെ എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോകും.

ചിലപ്പോൾ മരണം തന്നെയും ഉണ്ടാകും. അതിനാൽ സ്ട്രോക്ക് ബാധിച്ചാൽ ആദ്യത്തെ മണിക്കൂറുകൾ വളരെ നിർണായകമാണ്.




# കേരളത്തിന്റെ ഹരിത സമൃദ്ധി തിരിച്ചുപിടിക്കുന്നത് സർക്കാരിന്റെ ലക്ഷ്യം: മന്ത്രി

**തൃശൂർ:** കേരളത്തിന്റെ ഹരിത സമൃദ്ധി തിരിച്ചുപിടിക്കുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണെന്ന് മന്ത്രി ബിന്ദു. വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിച്ച ബ്ലോക്ക്തല കിസാൻ മേളയുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കാർഷിക സുരക്ഷ, കർഷകക്ഷേമം എന്നിവ ഉറപ്പാക്കാനും കാർഷിക മേഖലയ്ക്ക് ഉത്പാദന മേഖല എന്ന നിലയിൽ ഒന്നാമത് പരിഗണന നൽകാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് ആവശ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കി അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കാനുള്ള ഉത്തരവാദിത്തമാണ് കിസാൻ മേള നമ്മളെ ഓർമിപ്പിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ഭക്ഷ്യസുരക്ഷയെ മുൻനിർത്തി സുഭിക്ഷ കേരളം പദ്ധതി നല്ല രീതിയിൽ മുന്നോട്ടു പോകുന്നുണ്ട്. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയിലൂടെ യുവജനങ്ങളെയും വിദ്യാർത്ഥികളെയും കാർഷിക മേഖലയിലേക്ക് കൊണ്ടുവരാൻ സാധിച്ചു. തരിശു ഭൂമിയെ മാറ്റി ഫലഭൂവിഷ്ടമായ കൃഷിയിടങ്ങളാക്കി മാറ്റാനുള്ള പ്രോത്സാഹനം സർക്കാർ നൽകിയിട്ടുണ്ട്. മണ്ഡലത്തിലെ തനത് പദ്ധതിയായ പച്ചക്കുട സമഗ്ര കാർഷിക പദ്ധതിയ്ക്ക് സർക്കാർ ബജറ്റിൽ പണം അനുവദിച്ചിട്ടുണ്ട്. കേരളത്തിന്റെ തനത് സമ്പത്ത് നിലനിർത്തി മുന്നോട്ടു കൊണ്ട് പോകാൻ എല്ലാവർക്കും ഉത്തരവാദിത്തമുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കഴിഞ്ഞ വർഷത്തെ മികച്ച സംസ്ഥാന യുവകർഷകനായി തിരഞ്ഞെടുത്ത ശ്യാം മോഹൻ, ദേശീയ ജൈവ വൈവിധ്യ പുരസ്കാരത്തിന് അർഹനായ വിനോദ് ഇടവന എന്നിവരെ ചടങ്ങിൽ ആദരിച്ചു.ഉദ്ഘാടനത്തിനുശേഷം കാർഷിക സെമിനാർ നടത്തി. കർഷകരുടെ തനതായ ഉൽപ്പന്നങ്ങളുടെയും അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള നടീൽ വസ്തുക്കളുടെയും പ്രദർശനവും വിൽപ്പനയും നടന്നു.

കല്ലംന്ന് സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ നടന്ന ചടങ്ങിൽ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വിജയലക്ഷ്മി വിനയചന്ദ്രൻ അധ്യക്ഷത വഹിച്ചു. കൃഷി ഡെപ്യൂട്ടി ഡയറക്ടർ നിംബ ഫ്രാങ്കോ പദ്ധതി വിശദീകരണം നടത്തി. വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം എം മുകേഷ്, പൂമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ എസ് തമ്പി, വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉണ്ണികൃഷ്ണൻ കുറ്റിപ്പറമ്പിൽ, വെള്ളാങ്ങല്ലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ എം കെ സ്മിത, വേളൂക്കര കൃഷിഭവൻ കൃഷി ഓഫീസർ റുബീന, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



പാലക്കാട് നടന്ന റോസ്ഗാർ മേളയിൽ പുതുതായി നിയമിതരായ 195 പേർക്ക് നിയമന പത്രങ്ങൾ കൈമാറി

# നാടിന്റെ വികസനത്തിനായി എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് കേന്ദ്ര സഹമന്ത്രി ശ്രീമതി. ശോഭ കരന്ദ്ലാജെ

**പാലക്കാട് :** ബ്രിട്ടീഷുകാരുടെ കാലത്ത് നിലനിന്നിരുന്ന അധികാര ശ്രേണി സമ്പ്രദായം പണ്ടേ തുടച്ചുനീക്കപ്പെട്ടുവെന്നും ഇപ്പോൾ പദവികൾ പരിഗണിക്കാതെ നാമെല്ലാവരും രാജ്യത്തിന്റെ വികസനത്തിനായി കൈകോർത്ത് പ്രവർത്തിക്കണമെന്നും കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രാലയം സഹമന്ത്രി ശ്രീമതി. ശോഭ കരന്ദ്ലാജെ. ദേശീയതല റോസ്ഗാർ മേളയുടെ ഭാഗമായി ദക്ഷിണ റെയിൽവേ പാലക്കാട് ഡിവിഷൻ ഇന്ന് പാലക്കാട്ട് സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ശ്രീമതി. ശോഭ കരന്ദ്ലാജെ. പുതുതായി നിയമിതരായ ഉദ്യോഗാർത്ഥികളെ അമൃത് കാലത്തെ അമൃത് തലമുറ എന്ന് വിശേഷിപ്പിച്ച കേന്ദ്രമന്ത്രി, അവർക്ക് 40 വർഷത്തിലേറെ നീണ്ട സേവന കാലയളവുണ്ടാകുമെന്ന് ചൂണ്ടിക്കാട്ടി. വേതനത്തിനു വേണ്ടി മാത്രമല്ല രാജ്യത്തിന്റെ വികസനം മനസ്സിൽ വെച്ചാണ് പ്രവർത്തിക്കേണ്ടതെന്നും അവർ കൂട്ടിച്ചേർത്തു. 73ാം വയസ്സിലും ദിവസവും 18 മണിക്കൂർ രാജ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന പ്രധാനമന്ത്രിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രാജ്യത്തിന്റെ വളർച്ചയ്ക്കായി പ്രവർത്തിക്കാൻ യുവാക്കളെ കേന്ദ്രമന്ത്രി പ്രോത്സാഹിപ്പിച്ചു. നമ്മുടെ രാജ്യം ഇപ്പോൾ മൊബൈൽ ഉൽപ്പാദനത്തിൽ രണ്ടാം സ്ഥാനത്തും ഓട്ടോമൊബൈൽ ഉൽപ്പാദനത്തിൽ ലോകത്ത് മൂന്നാം സ്ഥാനത്തുമാണ് എന്ന് രാജ്യത്തിന്റെ നേട്ടങ്ങളെ കുറിച്ച് പരാമർശിച്ചുകൊണ്ട് കേന്ദ്രമന്ത്രി പറഞ്ഞു .

ഇന്ന് രാജ്യത്തുടനീളം 37 സ്ഥലങ്ങളിൽ റോസ്ഗാർ മേള നടന്നു . പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിംഗ് വഴി 51,000ത്തിലധികം നിയമന ഉത്തരവുകൾ വിതരണം ചെയ്യുകയും പുതുതായി നിയമിതരായവരെ അഭിസംബോധന ചെയ്യുകയും ചെയ്തു. പാലക്കാട് നടന്ന റോസ്ഗാർ മേളയിൽ പങ്കെടുക്കുത്തവർ പരിപാടിയുടെ തത്സമയ വെബ്കാസ്റ്റിന് സാക്ഷിയായി . പരിപാടിയിൽ പുതുതായി നിയമിതരായ 195 പേർക്ക് നിയമന കത്തുകൾ കൈമാറി. ശ്രീമതി. ശോഭ കരന്ദ്ലാജെ 25 ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് നിയമന കത്തുകൾ വിതരണം ചെയ്തു. വിവിധ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥർ അതത് വകുപ്പുകളിൽ പുതുതായി നിയമനം ലഭിച്ചവർക്കുള്ള നിയമന കത്ത് കൈമാറി.

റെയിൽവേ മന്ത്രാലയം, തപാൽ വകുപ്പ്, റവന്യൂ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സ്കൂൾ വിദ്യാഭ്യാസം, സാക്ഷരതാ വകുപ്പ്, എന്നിവയുൾപ്പെടെ വിവിധ മന്ത്രാലയങ്ങൾ/വകുപ്പുകളിൽ എന്നിവയിലേക്കാണ് ഇന്ന് ഉദ്യോഗാർഥികൾക്ക് നിയമനം നൽകിയിരിക്കുന്നത്.

കേരളത്തിൽ തിരുവനന്തപുരത്തും റോസ്ഗാർ മേള നടന്നു. കേന്ദ്ര സാമൂഹ്യനീതി, ശാക്തീകരണ മന്ത്രാലയ സഹമന്ത്രി പ്രതിമ ഭൗമിക് ഉദ്ഘാടനം ചെയ്തു. പുതുതായി നിയമിതരായ 135 പേർക്ക് നിയമന കത്തുകൾ കൈമാറി.

# ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമിനൽകുമെന്ന് കെ. രാജൻ

**തൃശൂർ:** ഭൂരഹിതരായ മുഴുവൻ പേരെയും കണ്ടെത്തി ഭൂമി നൽകാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോവുകയാണെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ. മുതുതല, നെല്ലായ, വാണിയംകുളം, പരുതൂർ, ചാലിശ്ശേരി എന്നിവിടങ്ങളിലെ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഡിജിറ്റൽ ഭൂസർവേ നടപടികൾ ഏറ്റവും വേഗത്തിലും നല്ല രീതിയിലും നടക്കുന്ന സംസ്ഥാനം കേരളമാണ്. കേരളത്തിന്റെ സർവ്വേ നടപടികൾ പഠിക്കാൻ തമിഴ്നാട്, ആന്ധ്രപ്രദേശ് തുടങ്ങി അയൽ സംസ്ഥാനങ്ങളിൽ നിന്നുവരെ സംഘങ്ങൾ എത്തുന്നു. സർവ്വേ നടപടികൾ തുടങ്ങിയ 11 മാസം കൊണ്ട് 1.62 ലക്ഷം ഹെക്ടർ ഭൂമി അളന്നു കഴിഞ്ഞെന്നും മന്ത്രി പറഞ്ഞു.

പട്ടയ അസംബ്ലിയിലൂടെ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥർ അടങ്ങിയ ഒരു ജില്ല, ഒരു അദാലത്ത് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഭൂമി സംബന്ധമായ പ്രശ്നങ്ങൾ തീർപ്പാക്കുന്നതിന് വിവിധ തലത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവയിലും പരിഹാരമാവാത്ത ഭൂപ്രശ്നങ്ങൾ ചട്ടനിയമഭേദഗതികളിലൂടെ പരിഹരിക്കും. കൈയ്യേറ്റവും കുടിയേറ്റവും ഒരേ രീതിയിൽ കാണുന്ന സമീപനം സർക്കാറിനില്ല. വൻകിട അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂരഹിതർക്ക് ഭൂമി നൽകും. സംസ്ഥാനത്തെ അതി ദരിദ്രരിൽ ഭൂരഹിതരായി കണ്ടെത്തിയ 5632 കുടുംബങ്ങൾക്ക് 2024നകം ഭൂമി നൽകുമെന്നും മന്ത്രി പറഞ്ഞു.

കോളനികളിൽ കൈവശാവകാശ രേഖയില്ലാതെ താമസിക്കുന്നവരായി കണ്ടെത്തിയ 20,000 ത്തോളം കുടുംബങ്ങൾക്ക് പ്രത്യേക മിഷൻ നടത്തി പട്ടയ വിതരണം നടത്തും. വിവിധ വകുപ്പുകളുടെ കൈയ്യിലുള്ള പുറമ്പോക്ക് ഭൂമികൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കും. ഭൂമി സംബന്ധമായ കേസുകൾ അനന്തമായി നീളുന്നത് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. പരുതൂർ, ചാലിശ്ശേരിയിൽ തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.ബി രാജേഷ്, നെല്ലായ, വാണിയംകുളം എന്നിവിടങ്ങളിൽ പി. മമ്മിക്കുട്ടി എം.എൽ.എ, മുതുതലയിൽ മുഹമ്മദ് മുഹ്സിൻ എം.എൽ.എ എന്നിവർ അധ്യക്ഷരായി. പരിപാടിയിൽ ജില്ലാ കലക്ടർ ഡോ. എസ്. ചിത്ര, വകുപ്പ് മേധാവികൾ, മറ്റു ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

തൃത്താല മണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ടാക്കുകയാണ് ലക്ഷ്യമെന്ന് മണ്ഡലം എം.എൽ.എയും തദ്ദേശ സ്വയംഭരണഎക്സൈസ് വകുപ്പ് മന്ത്രിയുമായ എം.ബി രാജേഷ് പറഞ്ഞു. പരുതൂരിൽ 50 ലക്ഷം രൂപ ചെലവിൽ നിർമാണം ആരംഭിക്കുന്ന സ്മാർട്ട് വില്ലേജ് ഓഫീസിന്റെയും ചാലിശ്ശേരിയിൽ 44 ലക്ഷം രൂപ ചെലവിൽ നിർമ്മാണം പൂർത്തീകരിച്ച സ്മാർട്ട് വില്ലേജ് ഓഫീസിന്റെയും ഉദ്ഘാടന പരിപാടിയിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ രേഖയും സ്മാർട്ട് എന്നത് സർക്കാറിന്റെ ഉത്തരവാദിത്തമാണ്. കേരളത്തിലെ ഭൂമി സംബന്ധമായ എല്ലാ രേഖയും ഡിജിറ്റലാവുന്നതോടുകൂടി ഭൂമി സംബന്ധമായ ആ വ്യക്തിയും അതുകാരണമുള്ള പ്രയാസങ്ങളും ഇല്ലാതാവും.

വിരൽത്തുമ്പിൽ ഭൂരേഖകൾ ലഭിക്കുന്ന സാഹചര്യമാണ് ഉണ്ടാവുക. ഇത് വലിയ മാറ്റമാണ്. വില്ലേജ് ഓഫീസുകൾ സ്മാർട്ടാവുന്നതിന്റെ അർത്ഥം കെട്ടിടം ഭംഗിയാവുക എന്നത് മാത്രമല്ല. ഭൂരേഖകൾ ഡിജിറ്റൽ ആവുന്നു എന്നത് കൂടിയാണ്.

# യുവാക്കളിലും മസ്തിഷ്കാഘാതം കൂടുന്നു

ആരോഗ്യം





ഡോ. വി.വി അഷ്റഫ് (ഡയറക്ടർ & സീനിയർ കൺസൾട്ടന്റ് സെന്റർ ഓഫ് എക്സലൻസി ഇൻ ന്യൂറോളജി, ആസ്റ്റർ മിംസ് കോഴിക്കോട്)

ഏതാനും വർഷങ്ങൾക്ക് മുൻപ് വരെ അറുപത് വയസ് കഴിഞ്ഞവരിൽ മാത്രം കണ്ടുവന്നിരുന്ന മസ്തിഷ്കാഘാതം ഇപ്പോൾ നാൽപതും അമ്പതും വയസുള്ളവരെയും ബാധിക്കുന്നതിന്റെ ഞെട്ടലിലാണ് കേരളത്തിലെ പല ന്യുറോളജി ഡോക്ടർമാരും. മാറിയ ജീവിത സാഹചര്യങ്ങളും വ്യായാമമില്ലാത്ത ദിനചര്യകളും അനാരോഗ്യകരമായ ഭക്ഷണസംസ്കാരവുമെല്ലാം സ്ട്രോക്ക് എന്ന അപ്രതീക്ഷിത വില്ലനെയും ജീവിതത്തിലേക്ക് ക്ഷണിച്ചുവരുത്തുന്നു. തലച്ചോറിലേക്കുള്ള രക്തയോട്ടം ഭാഗികമായോ പൂർണമായോ തടസ്സപ്പെടുമ്പോഴും അല്ലെങ്കിൽ തലച്ചോറിനുള്ളിൽ രക്തക്കുഴലുകൾ പൊട്ടി ചോർച്ചയുണ്ടാവുമ്പോഴുമാണ് സ്ട്രോക്ക് ഉണ്ടാകുന്നത്. എന്നും ചെയ്യാറുള്ള ഏറ്റവും സാധാരണ കാര്യങ്ങളിൽ മുഴുകുമ്പോഴായിരിക്കും അപ്രതീക്ഷിതമായി ലക്ഷണങ്ങൾ കാണുന്നത്. ചെറിയ തലവേദന മുതൽ ശരീരത്തിന്റെ കുഴച്ചിൽ വരെ ലക്ഷണങ്ങൾ ഏതുമാവാം. സ്ട്രോക്ക് ഉണ്ടായിക്കഴിഞ്ഞാൽ ഓരോ മിനിറ്റിലും തലച്ചോറിലെ ലക്ഷക്കണക്കിന് കോശങ്ങൾ നശിച്ചുകൊണ്ടിരിക്കും. വർഷങ്ങളോളം നീണ്ടുനിൽക്കുന്ന വൈകല്യങ്ങളോ ചിലപ്പോൾ മരണമോ വരെ ആയിരിക്കും അനന്തരഫലം. ഈ രോഗത്തിന്റെ ലക്ഷണങ്ങൾ തിരിച്ചറിയാനോ എത്രയും വേഗം ആശുപത്രിയിൽ എത്തിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും യുവാക്കൾക്ക് പോലും കാര്യമായ ധാരണയില്ല എന്ന വസ്തുത, കാര്യങ്ങൾ കൈവിട്ടുപോകാൻ ഇടയാക്കുന്നു. ഇവിടെയാണ് ഇക്കൊല്ലത്തെ ലോക മസ്തിഷ്കാഘാതദിനത്തിന്റെ പ്രാധാന്യം.

മസ്തിഷ്കത്തിന്റെ ചില ഭാഗങ്ങളിലേക്കുള്ള ഓക്സിജൻ അടങ്ങിയ രക്തത്തിന്റെ വിതരണം തടസ്സപ്പെടുമ്പോഴോ ഗുരുതരമായി പരിമിതപ്പെടുത്തുമ്പോഴോ ആണ് ഇസ്കെമിക് സ്ട്രോക്ക് ഉണ്ടാകുന്നത്. മിക്ക സ്ട്രോക്കുകളും ഇസ്കെമിക് സ്ട്രോക്കുകളാണ്. രക്തവും ഓക്സിജനും ലഭിക്കാത്തതിന്റെ ഫലമായി, തലച്ചോറിന്റെ ആ ഭാഗത്തെ കോശങ്ങൾ നശിക്കുകയും അത് നിയന്ത്രിക്കുന്ന ശരീരത്തിന്റെ പ്രവർത്തനം നിലക്കുകയും ചെയ്യുന്നു. കൊഴുപ്പ്, കൊളസ്ട്രോൾ ഉൾപ്പെടെയുള്ളവ രക്തക്കുഴലിൽ അടിഞ്ഞുകൂടി രക്തക്കുഴലുകളിൽ ആവരണമുണ്ടാകുന്നു. ഇത് മൂലം രക്തയോട്ടം തടസ്സപ്പെടുന്നതാണ് ഇസ്കെമിക് സ്ട്രോക്ക് കാരണമാകുന്നത്. ഇതിന് പുറമേ തലച്ചോറിൽ ഉൾപ്പെടെ രക്തക്കട്ടകൾ ഉണ്ടാകുന്നതും സ്ട്രോക്കിന് കാരണമാകും

തലച്ചോറിലെ ദുർബലമായ രക്തക്കുഴൽ പൊട്ടുന്നത് മൂലം തലച്ചോറിലേക്ക് രക്തം ഒഴുകുകയും ചുറ്റുമുള്ള മസ്തിഷ്ക കോശങ്ങളിൽ രക്തം നിറയുന്നതാണ് സ്ട്രോക്കിന് കാരണം. ഉയർന്ന രക്തസമ്മർദ്ദം, തലയ്ക്ക് പരിക്കേൽക്കുക, രക്തം കട്ടി കുറയ്ക്കുന്ന മരുന്നുകൾ ഉപയോഗിച്ചുള്ള അമിത ചികിത്സ, രക്തസ്രാവം തുടങ്ങിയവയെല്ലാം ഹെമറാജിക് സ്ട്രോക്കിന് കാരണമാകുന്നു.

മിനിസ്ട്രോക്ക് അല്ലെങ്കിൽ മുന്നറിയിപ്പ് സ്ട്രോക്ക് എന്നാണ് ടി.ഐ.എ അറിയപ്പെടുന്നത്. പെട്ടെന്നുണ്ടാകുന്ന ഏതാനും മിനുറ്റ് മാത്രം നീണ്ടു നിൽക്കുന്ന സ്ട്രോക്കാണിത്. രക്തം കട്ടപിടിക്കുന്നതാണ് പ്രധാന കാരണം. മറ്റ് സ്ട്രോക്കുകൾ പോലെ അത്ര അപകടകാരി അല്ലെങ്കിലും ഭാവിയിൽ ഗുരുതരമായ സ്ട്രോക്ക് ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്.

കണ്ണുകൾ മങ്ങുകയോ കാഴ്ച നഷ്ടപ്പെടുകയോ ചെയ്യുന്നതാണ് പക്ഷാഘാതത്തിന്റെ ലക്ഷണങ്ങളിൽ പ്രധാനപ്പെട്ടത് . പക്ഷാഘാതത്തിന് മുന്നോടിയായിക്കൈ കാലുകൾക്കോ മുഖത്തിലോ മരവിപ്പ് ഉണ്ടാകുകയോ കടുത്ത ബലഹീനത അനുഭവപ്പെടുകയോ ചെയ്തേക്കാം. സംസാരിക്കാനുള്ള ബുദ്ധിമുട്ട്, സംസാരശേഷി പൂർണ്ണമായും നഷ്ടപ്പെടുക അല്ലെങ്കിൽ മറ്റുള്ളവർ എന്താണ് സംസാരിക്കുന്നതെന്ന് മനസ്സിലാക്കാനുള്ള കഴിവ് ഇല്ലാതാക്കുക, അസ്ഥിരമായ നടത്തം, ബാലൻസ് നഷ്ടപ്പെടുക, ഒരു കാരണവുമില്ലാതെ പെട്ടെന്നുണ്ടാകുന്ന കഠിനമായ തലവേദന എന്നിവയെല്ലാം സ്ട്രോക്കിന്റെ ലക്ഷണങ്ങൾ ആകാം.

യുവാക്കളിൽ പക്ഷാഘാതം ഉണ്ടാകാനുള്ള പ്രധാന കാരണം പുകവലിയാണ്. മദ്യപാനവും പുകവലിയും മസ്തിഷ്കാഘാത സാധ്യത വളരെയധികം വർധിപ്പിക്കുന്നു. ഇവ മൂലം ശരീരത്തിലെ ചീത്ത കൊളസ്ട്രോളിന്റെ അളവ് കൂടുകയും, രക്തക്കുഴലുകളിൽ അടിഞ്ഞുകൂടി രക്തപ്രവാഹത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗവും സ്ട്രോക്കിലേക്ക് എത്തിക്കാം. 50 വയസ്സിനു താഴെയുള്ളവരിലെ മസ്തിഷ്കാഘാതത്തിന് ഹൃദയത്തിന്റെ പമ്പിങ്ങിലെ കുറവ്, ഹൃദയമിടിപ്പിലെ വ്യത്യാസം, ഹൃദയവാൽവിലെ ചുരുക്കം, കാർഡിയോമയോപ്പതി എന്നിവയും പ്രധാന കാരണങ്ങളാണ്. ഇതിനുപുറമേ അന്തരീക്ഷ മലിനീകരണവും സ്ട്രോക്കിന് കാരണമാകുമെന്ന് പഠനങ്ങൾ തെളിയിക്കുന്നുണ്ട്.

സ്ട്രോക്ക് ഒരു പരിധിവരെ ജീവിതശൈലി രോഗമാണ്. ജീവിതത്തിൽ അനുവർത്തിച്ചു വരുന്നതോ, സംഭവിച്ചിട്ടുള്ളതോ ആയ ചില രീതികൾ സ്ട്രോക്ക് സാധ്യത വർദ്ധിപ്പിക്കുന്നുണ്ട്.

1. അനാരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ

ഉയർന്ന അളവിൽ ഉപ്പ് ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതും, വളരെ കൂടിയ അളവിൽ അന്നജം, കൊളസ്ട്രോൾ എന്നിവയടങ്ങിയ ആഹാരരീതിയും രോഗത്തെ ക്ഷണിച്ചുവരുത്തുന്നു.

2. വ്യായാമക്കുറവ്

യാതൊരു തരത്തിലുള്ള ശാരീരിക വ്യായാമമില്ലായ്മയും, സ്ട്രോക്കിലേക്ക് നയിച്ചേക്കാം. പ്രായപൂർത്തിയായ ഒരാൾ ആഴ്ചയിൽ ചുരുങ്ങിയത് രണ്ടര മണിക്കൂറെങ്കിലും വ്യായാമത്തിൽ ഏർപ്പെടുന്നത് നല്ലതാണ്.

3. പാരമ്പര്യം

ചെറിയൊരു ശതമാനം ആളുകളിൽ ചില പാരമ്പര്യ ഘടകങ്ങളിലുണ്ടാവുന്ന വ്യതിയാനങ്ങൾ സ്ട്രോക്കിന്റെ സാധ്യത വർധിപ്പിച്ചേക്കാം.

4. ഉയർന്ന രക്തസമ്മർദ്ദമാണ് സ്ട്രോക്ക് വരുന്നതിനുള്ള ഏറ്റവും പ്രധാന കാരണങ്ങളിലൊന്ന്. അതോടൊപ്പം തന്നെ അനിയന്ത്രിതമായ പ്രമേഹം, ഹൃദയമിടിപ്പുകളിലുണ്ടാവുന്ന വ്യതിയാനങ്ങൾ (മ്യേശമഹ ളശയൃശ ഹഹമശേീ) തുടങ്ങിയവയും സ്ട്രോക്ക് വരുന്നതിനുള്ള പ്രധാന കാരണങ്ങളാണ്. ഒരിക്കൽ ടി.ഐ.എ വന്നിട്ടുള്ളവരിൽ വീണ്ടും സ്ട്രോക്ക് വരുന്നതിനുള്ള സാധ്യത വളരെയധികം ആണ്.

രോഗ നിർണയത്തിനായി രോഗിയുടെ ലക്ഷണങ്ങളെക്കുറിച്ച് വിശദമായി ചോദിച്ചറിയേണ്ടതാണ്. രക്തസമ്മർദം, ഹൃദയതാളം, എന്നിവയുടെ പ്രാഥമിക പരിശോധനകൾക്കു ശേഷം രോഗിയുടെ ശാരീരിക പരിശോധനയിലൂടെ രോഗിയുടെ ശരീര സന്തുലനാവസ്ഥ, പേശികളുടെ ബലം, ചലനശേഷി, കാഴ്ചശക്തി തുടങ്ങിയ നാഡീ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുന്നു. അതിനുശേഷം രോഗിക്ക് പക്ഷാഘാതം സംഭവിച്ചിട്ടുണ്ടോ എന്നറിയാനും എന്താണ് കാരണം, തലച്ചോറിന്റെ ഏത് ഭാഗത്താണ് ബാധിച്ചിരിക്കുന്നത് എന്നിവയെക്കുറിച്ച് കൃത്യമായി തിരിച്ചറിയുന്നതിനുമായി

രക്തപരിശോധന, എം.ആർ.ഐ, സി.ടി. സ്കാൻ, സെറിബ്രൽ ആൻജിയോഗ്രാം, കരോട്ടിഡ് ഡോപ്ലർ ഇലക്ട്രോകാർഡിയോഗ്രാം, എക്കോ കാർഡിയോഗ്രാം എന്നീ രോഗനിർണയ രീതികൾ സ്വീകരിക്കാവുന്നതാണ്.

സ്ട്രോക്ക് ബാധിച്ചവർക്ക് ഏറ്റവും വേഗം വൈദ്യ സഹായം നൽകുക എന്നതാണ് പ്രധാനം. ഫലപ്രദമായ ചികിത്സകൾ കൊണ്ട് പക്ഷാഘാതം മൂലമുണ്ടാകുന്ന ശാരീരിക വൈകല്യങ്ങളെ ലഘൂകരിക്കാനും, ഒരു പരിധിവരെ രോഗിയെ പൂർവാവസ്ഥയിലേക്ക് തിരികെ കൊണ്ടുവരുന്നതിനും സാധിക്കുന്നതാണ്. ഇതിനായി അടിയന്തിര സ്ട്രോക്ക് ചികിത്സക്ക് വേണ്ട എല്ലാവിധ സജ്ജീകരണങ്ങളുമുള്ള സ്ട്രോക്ക് റെഡി ആശുപത്രികൾ തിരഞ്ഞെടുക്കുന്നതാണ് ഏറ്റവും നല്ലത്.

രക്തക്കുഴലുകളിൽ ഉള്ള രക്തക്കട്ടയെ മരുന്ന് ഉപയോഗിച്ച് അലിയിപ്പിക്കുകയും രക്തപ്രവാഹം സാധാരണ നിലയിലാക്കുകയും ചെയ്യുന്നതാണ് പ്രധാന ചികിത്സകളിൽ ഒന്ന്. സ്ട്രോക്ക് സംഭവിച്ച് 4.5 മണിക്കൂറിനുള്ളിലാണ് ത്രോമ്പോലിസിസ് എന്ന ഈ ചികിത്സ ചെയ്യേണ്ടത്. രക്തക്കുഴലുകളിലേക്ക് കത്തീറ്റർ കടത്തിവിട്ട് രക്തക്കട്ട നീക്കം ചെയ്യുന്ന മെക്കാനിക്കൽ ത്രോംബെക്ടമിയാണ് മറ്റൊന്ന്. സ്ട്രോക്ക് സംഭവിച്ച ആറു മണിക്കൂറിനുള്ളിൽ തന്നെ ചെയ്യേണ്ട ഒരു ചികിത്സാരീതിയാണിത്. അപൂർവ്വമായി 24 മണിക്കൂറുകൾക്കുള്ളിൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ത്രോംബെക്ടമി വിജയകരമായി ചെയ്യാൻ സാധിക്കും.

പിന്നീടും രക്തം കട്ട പിടിക്കുന്നത് തടയുന്നതിന് ആസ്പിരിൻ ഉൾപ്പെടെയുള്ള മരുന്നുകൾ നൽകുന്നുണ്ട്. ഹൃദയസംബന്ധമായ രോഗങ്ങൾ മുഖേന സ്ട്രോക്ക് വരുന്നവരിൽ ഹെപ്പാരിൻ / ആന്റികൊയാഗുലന്റ് മരുന്നുകളാണ് നൽകുന്നത്. രക്താതിസമ്മർദ്ദം ( ഹൈപ്പർ ടെൻഷൻ ) ഉള്ളവർക്ക് അത് കുറയ്ക്കുന്നതിനുള്ള വിവിധ മരുന്നുകൾ നൽകേണ്ടതാണ്.

സ്ട്രോക്ക് രോഗികളെ പ്രത്യേക ഐ.സി.യുകളിൽ നിരീക്ഷിക്കുകയും രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയവ നിയന്ത്രിക്കുകയും വേണം. അതോടൊപ്പം കൊളസ്ട്രോൾ കുറയ്ക്കുന്നതിനുള്ള സ്റ്റാറ്റിൻ മരുന്നുകൾ, ഇൻസുലിൻ തുടങ്ങിയവയും വേണ്ടിവന്നേക്കാം. സ്ട്രോക്ക് വന്ന് ചില രോഗികൾ തലച്ചോറിലെ സമ്മർദ്ദം (കദ്ീമരൃമിശമ ഹ ൃലൈൗല ) കൂടുന്നത് അബോധാവസ്ഥയിലേക്ക് നയിച്ചേക്കും. അത്തരം രോഗികൾക്ക് സമ്മർദം കുറയ്ക്കുന്ന മരുന്നുകളോടൊപ്പം, ന്യൂറോസര്ജറിയും വേണ്ടി വന്നേക്കാം.

സി.ടി. സ്കാൻ വഴി രക്തം കട്ടപിടിക്കുന്ന സ്ട്രോക്കും രക്തസ്രാവവും മിനിട്ടുകൾക്കുള്ളിൽ തിരിച്ചറിയാൻ കഴിയും. സി.ടി. പെർഫൂഷൻ, സി.ടി. ആൻജിയോഗ്രാം എന്നിവ സ്ട്രോക്ക് രോഗ നിർണയത്തെ കൂടുതൽ ഫലവത്താക്കുന്നതാണ്. ഈ സൗകര്യങ്ങൾ ഉള്ള ആശുപത്രികളെ സമീപിക്കുന്നതാണ് ഏറ്റവും നല്ലത്.

സ്ട്രോക്ക് ബാധിച്ച 4060 ശതമാനത്തോളം രോഗികൾക്കും സ്ഥിരമായ ശാരീരിക വൈകല്യങ്ങൾ കാണപ്പെടാറുണ്ട്. അവർക്കെല്ലാം തന്നെ തുടർചികിത്സകൾ ആവശ്യമായി വരുന്നു. ന്യൂറോളജിസ്റ്, ഫിസിയാട്രിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, സൈക്കോളജിസ്റ്റ് തുടങ്ങിയവരുടെ ഏകോപിച്ചുള്ള സമീപനം ആവശ്യമാണ്. പുനരുജ്ജീവനം ആശുപത്രിയിൽ തുടങ്ങി വീട്ടിൽ തുടരേണ്ട ഒരു പ്രക്രിയയാണ്.

ജീവിത ശൈലി മാറ്റം, സ്ട്രോക്കിനെ പ്രതിരോധിക്കാം

ജീവിത ശൈലിക്ക് വലിയ പ്രാധാന്യമുള്ള രോഗമായതിനാൽ ജീവിത രീതിയിൽ മാറ്റം കൊണ്ടുവരുന്നതിലൂടെ സ്ട്രോക്കിനെ ഒരു പരിധി വരെ പ്രതിരോധിക്കാനാകും. ആരോഗ്യകരമായ ഭക്ഷണക്രമം ശീലിക്കാം എന്നതാണ് പ്രധാനം. ഇതിനൊപ്പം ചിട്ടയായ വ്യായാമവും അത്യന്താപേക്ഷിതമാണ്. പുകവലി, അമിത മദ്യപാനം, ലഹരി ഉപയോഗം തുടങ്ങിയ ദുശീലങ്ങൾ പൂർണമായും അകറ്റി നിർത്തണം. അതിരോസ്ക്ലിറോസിസ്, രക്തസമ്മർദം, കൊളസ്ട്രോൾ എന്നിവയെല്ലാം നിയന്ത്രണത്തിൽ നിർത്തുന്നതും സ്ട്രോക്കിനെ തടഞ്ഞു നിർത്തുന്നതിനുള്ള ഫലപ്രദമായ മാർഗങ്ങളാണ്.

# സ്ട്രോക്ക് ചികിത്സാ രംഗത്തെ മികച്ച ആശുപത്രികൾക്കുള്ള സ്ട്രോക്ക് എക്സലൻസ് ആൻഡ് ഇന്നൊവേഷൻ പുരസ്കാരങ്ങൾ കോഴിക്കോട് ആസ്റ്റർ മിംസിന്




അഹമ്മദാബാദിൽ നടന്ന നാഷണൽ സ്ട്രോക്ക് കോൺക്ലേവിൽ സ്ട്രോക്ക് ചികിത്സാ രംഗത്തെ മികച്ച ആശുപത്രികൾക്ക് വോയ്സ് ഓഫ് ഹെൽത്ത്കെയർ നൽകുന്ന സ്ട്രോക്ക് എക്സലൻസ് ആൻഡ് ഇന്നൊവേഷൻ പുരസ്കാരങ്ങൾ ആസ്റ്റർ മിംസിലെ ന്യൂറോളജി ഡോക്ടർമാർ ചേർന്ന് ഏറ്റുവാങ്ങുന്നു

**കോഴിക്കോട്:** കോഴിക്കോട് ആസ്റ്റർ മിംസ് ഹോസ്പിറ്റലിന് സ്ട്രോക്ക് ചികിത്സാ രംഗത്തെ മികച്ച ഹോസ്പിറ്റലിനുള്ള രണ്ട് പുരസ്കാരങ്ങൾ. പക്ഷാഘാതത്തിന് ഏറ്റവും മികച്ച ചികിത്സ ഉറപ്പാക്കുന്ന ആശുപത്രി, പക്ഷാഘാത പഠനത്തിൽ മികച്ച നിലവാരം പുലർത്തുന്ന സെന്റർ എന്നിവയാണ് അവാർഡുകൾ.

പക്ഷാഘാത പരിചരണ മേഖലയിലെ സംഭാവനകൾക്ക് രാജ്യത്തെ മികച്ച സെന്ററുകളെ ആദരിക്കുന്ന സുപ്രധാന വേദിയാണ്, വോയ്സ് ഓഫ് ഹെൽത്ത്കെയറിന്റെ സ്ട്രോക്ക് എക്സലൻസ് & ഇന്നൊവേഷൻ അവാർഡുകൾ. സ്ട്രോക്ക് കെയറിലും അനുബന്ധ ഗവേഷണത്തിലും നിരന്തരം പുലർത്തിയ പ്രതിബദ്ധതയും അർപ്പണബോധവുമാണ് ആസ്റ്റർ മിംസിനെ ഈ വർഷത്തെ ക്ലിനിക്കൽ എക്സലൻസ് ഇൻ അക്യൂട്ട് സ്ട്രോക്ക് കെയർ അവാർഡിനും, ബെസ്റ്റ് റിസർച്ച് ഓർഗനൈസേഷൻ പുരസ്കാരത്തിനും അർഹമാക്കിയത്. കഴിഞ്ഞ ദിവസം അഹമ്മദാബാദിൽ വച്ച് നടന്ന നാഷണൽ സ്ട്രോക്ക് കോൺക്ലേവിൽ വച്ചായിരുന്നു അവാർഡ്ദാനം. ഇന്ത്യയിൽ തന്നെ പക്ഷാഘാതത്തിന് ഏറ്റവും മികച്ച ചികിത്സ ഉറപ്പാക്കുന്ന ആശുപത്രിയായി കോഴിക്കോട് ആസ്റ്റർ മിംസിനെ രേഖപ്പെടുത്തുകയാണ് ഈ പുരസ്കാരം. ചികിത്സാ മേഖലയിൽ നൂതന ആശയങ്ങൾ രൂപപ്പെടുത്തുന്നതിനായി നടത്തുന്ന പ്രവർത്തങ്ങളും, ഗവേഷണങ്ങളും അവാർഡിനായി പരിഗണിക്കപ്പെട്ടു.

ഈ അംഗീകാരം നേടാനായതിൽ ആസ്റ്റർ മിംസ് സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോസയൻസസിലെ എല്ലാവരും ഏറെ അഭിമാനിക്കുന്നതായി ന്യൂറോസർജറി വിഭാഗം തലവൻ ഡോ. ജേക്കബ് ആലപ്പാട്ട്, ന്യൂറോളജി ഡയറക്ടർ ഡോ. അഷ്റഫ് വി വി എന്നിവർ പറഞ്ഞു. സ്ട്രോക്ക് ഗവേഷണത്തിലും രോഗി പരിചരണത്തിലും കൂടുതൽ പുരോഗതി കൈവരിക്കുന്നതിനുള്ള ദൗത്യങ്ങൾക്ക്, ഊർജം നൽകുന്നതാണ് പുരസ്കാരമെന്നും അവർ വ്യക്തമാക്കി.

ഓരോ നിമിഷവും രോഗിയുടെ ജീവന് ഭീഷണി ഉയർത്തുന്ന രോഗാവസ്ഥയാണ് സ്ട്രോക്ക്. രോഗനിർണയം മുതൽ സ്ട്രോക്ക് ചികിത്സ ലഭ്യമായ ആശുപത്രിയിൽ എത്തുന്നതുവരെയുള്ള സമയം, രോഗിക്ക് നിർണായകമാണ്. സമയ നഷ്ടം ഒഴിവാക്കുകയാണെങ്കിൽ അതി നൂതന രോഗ നിർണ്ണയ മാർഗ്ഗങ്ങളും, ഐ വി ത്രോമ്പോലൈസിസ്, മെക്കാനിക്കൽ ത്രോംബക്ടമി തുടങ്ങിയ ചികിത്സകളിലൂടെ രോഗിക്ക് തിരിച്ചുവരവ് സാധ്യമാണ്.

സ്ട്രോക്ക് രോഗികളുടെ ചികിത്സ വേഗത്തിലാക്കാൻ 5ഏ സാറ്റലൈറ്റ് സാങ്കേതികവിദ്യയും എഐ സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെ ഒരുക്കിയിരിക്കുന്ന സ്ട്രോക്ക് ആംബുലൻസുകളുടെ പ്രവർത്തനം ആസ്റ്റർ മിംസിൽ ലഭ്യമാണ്. സി ടി, എം ആർ ഐ സ്കാൻ നിർണ്ണയം ആർട്ടിഫിഷ്യൽ ഇന്റലിജൻസിലൂടെ വിലയിരുത്താനാവും. ആസ്റ്റർ മിംസിലെത്താൻ എടുക്കുന്ന സമയത്തിനുള്ളിൽ രോഗിക്ക് ആവശ്യമായ അടിയന്തര പരിചരണം ഒരുക്കാൻ സഹായിക്കും.

ആർ ആർ ആർ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന അടിയന്തിര ചികിത്സാ സഹായ സംവിധാനത്തിന്റെ പ്രവർത്തനമാണ് മറ്റൊന്ന്. അത്യാവശ്യ ഘട്ടത്തിൽ 75 103 55 666 എന്ന നമ്പറിൽ വിളിക്കുന്നവർക്ക്, ഉടനടി ഡോക്ടറുടെ സേവനം ലഭ്യമാകും. ഏറ്റവും അടുത്തുള്ള ആശുപത്രിയിലെത്തിച്ചു ആസ്റ്റർ മിംസിലെ ഡോക്ടറുടെ നിർദേശപ്രകാരമുള്ള ചികിത്സ ഉറപ്പാക്കാനാകും.

മെഡ്ട്രോണിക് ഐ എൻ സി അവതരിപ്പിച്ചിട്ടുള്ള ക്യൂവർ ആപ്പിലൂടെ, കോഴിക്കോട് ആസ്റ്റർ മിംസിലെ ഡോക്ടർക്കു, രോഗിയെ പ്രവേശിച്ചിട്ടുള്ള ആശുപത്രിയിലെ ഡോക്ടർമാർക്ക് നിർദേശങ്ങൾ നൽകാനാവും. രോഗിയെ വാഹനത്തിൽ പ്രവേശിപ്പിക്കുന്നത് മുതൽ, അടുത്തുള്ള ആശുപത്രിയുടെ പ്രാഥമികസേവനം തേടുന്നതിലും, വിദഗ്ധചികിത്സ ലഭ്യമാവുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളിലും പിന്തുണ നൽകാനാവും. ആംബുലൻസ് രോഗിയുമായി ആശുപത്രിയിൽ എത്തുന്നതിനു മുൻപുതന്നെ, അടിയന്തിര സേവനങ്ങളുമായി സജ്ജമായിരിക്കാൻ ഡോക്ടർമാർക്ക് ഇതിലൂടെ സാധിക്കും.

ലോകത്താകെയുള്ള മസ്തിഷ്കാഘാത രോഗികളിൽ 60 ശതമാനവും ഇന്ത്യയിലാണെന്നത് ആശങ്കയുളവാക്കുന്നതാണ്. ഒരു ലക്ഷത്തിൽ 135 മുതൽ 150 പേർക്ക് ഇന്ത്യയിൽ സ്ട്രോക് കണ്ടുവരുന്നു. ഇതിൽത്തന്നെ നഗരഗ്രാമ അന്തരങ്ങളുമുണ്ട്. അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത, വിദഗ്ധ മാനുഷിക വിഭവശേഷിയില്ലായ്മ, പൊതുജനങ്ങളിൽ ബോധവത്കരണത്തിന്റെ അഭാവം എന്നിവ കാരണം മസ്തിഷ്കാഘാത പരിരക്ഷയിൽ ഇനിയും മുന്നോട്ടുപോകാനുണ്ട്. ഇത്തരം അന്തരങ്ങളെ പരിഹരിക്കുന്നതിനുള്ള ആസ്റ്റർ മിംസിന്റെ നിരന്തര ശ്രമങ്ങൾക്കുള്ള അംഗീകാരം കൂടിയാവുകയാണ് വി ഒ എച്ച് സ്ട്രോക്ക് റിസർച്ച് ഓർഗനൈസേഷൻ ഓഫ് ദ ഇയർ പുരസ്കാരം.



# ജാവ യെസ്ഡി ദീപാവലി ഓഫർ പ്രഖ്യാപിച്ചു

**കൊച്ചി:** ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് ദീപാവലി ആഘോഷങ്ങളോടനുബന്ധിച്ച് പ്രത്യേക ഓഫറുകൾ പ്രഖ്യാപിച്ചു. 1,888 രൂപ മുതൽ ആരംഭിക്കുന്ന ആകർഷകമായ ഇഎംഐകളും, ദീപാവലി വരെയുള്ള എല്ലാ ഡെലിവറികൾക്കും നാല് വർഷത്തെ അല്ലെങ്കിൽ 50,000 കിലോമീറ്റർ വരെ അധിക വാറൻറിയും ഉൾപ്പെടുന്നതാണ് ഈ പരിമിത കാല ഓഫർ.

ജാവ, ജാവ 42, ജാവ 42 ബോബർ, ജാവ പെരാക്ക് എന്നിവ ഉൾപ്പെടുന്നതാണ് ജാവ മോട്ടോർസൈക്കിൾ നിര. യെസ്ഡി റോസ്റ്റർ, യെസ്ഡി സ്ക്രാമ്പ്ളർ, യെസ്ഡി അഡ്വഞ്ചർ എന്നിവയാണ് യെസ്ഡി മോട്ടോർസൈക്കിൾ ശ്രേണിയിൽ വരുന്നത്.

# മൂന്നാറിലെ കുടിവെള്ള പ്രശ്നം പരിഹരിക്കും: ജില്ലാ കളക്ടർ

**ഇടുക്കി:** മൂന്നാർ ടൗണിലും സമീപ പ്രദേശങ്ങളിലും അനുഭവപ്പെടുന്ന കുടിവെള്ളപ്രശ്നം എത്രയും വേഗം പരിഹരിക്കുമെന്ന് ജില്ലാകളക്ടർ ഷീബ ജോർജ്ജ് . കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ വികസന സമിതി യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു കളക്ടർ. നബാർഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ചെക്ക് ഡാമുകൾ അറ്റകുറ്റ പണികൾ നടത്തി കുടിവെള്ള പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കും . ഇതിന്റെ സാധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകി. യോഗത്തിൽ കെഫോൺ പദ്ധതി പുരോഗതി , ഇ ഓഫീസ് വത്കരണം , നവകേരള സദസ് തയ്യാറെടുപ്പുകൾ, കേരളീയം, വിവിധ വകുപ്പുകളുടെ പദ്ധതി പുരോഗതി എന്നിവ ചർച്ച ചെയ്തു.

ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പൈനാവ് വർക്കിംഗ് മെൻസ് ആന്റ് വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി കൈമാറ്റത്തിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയതായും സ്ഥലം കൈമാറി കിട്ടുന്നതിനനുസരിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കുമെന്നും പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർ അറിയിച്ചു. ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ കാന്തല്ലൂർ, അടിമാലി പഞ്ചായത്തുകളിലെ ആദിവാസി മേഖലകളിൽ എബിസിഡി കാമ്പയിൻ നടത്താനും യോഗം തീരുമാനിച്ചു. ജില്ലാ പ്ലാനിംഗ് ഓഫീസർ ദീപ ചന്ദ്രൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എം. ലതീഷ്, ജില്ലാതല വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്തു.

# ബന്ധൻ നിഫ്റ്റി ആൽഫ 50 ഇൻഡെക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ഓഹരി വിപണിയിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ നിക്ഷേപകർക്ക് ഉയർന്ന നേട്ടമുണ്ടാക്കിക്കൊടുത്ത ഓഹരികളിൽ നിക്ഷേപിക്കാനുള്ള അവസരമൊരുക്കി ബന്ധൻ മ്യൂച്വൽ ഫണ്ട് പുതിയ ബന്ധൻ നിഫ്റ്റി ആൽഫ 50 ഇൻഡെക്സ് ഫണ്ട് അവതരിപ്പിച്ചു. വൈവിധ്യ ഓഹരികളിലാണ് ഇതു നിക്ഷേപിക്കുക. വിപണിയിലുണ്ടാക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് ഉയർന്ന മൂല്യമുള്ള ഓഹരികൾക്ക് മുൻതൂക്കം നൽകുന്നതാണ് ഈ ഫണ്ട്. നവംബർ ആറ് വരെ ഈ ഫണ്ടിൽ നിക്ഷേപിക്കാൻ അവസരമുണ്ട്. അംഗീകൃത മ്യൂച്വൽ ഫണ്ട് വിതരണക്കാർ മുഖേനയും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, ബന്ധൻ വെബ്സൈറ്റ് എന്നിവ മുഖേനയും ഈ ഫണ്ടിൽ നിക്ഷേപിക്കാം.

പ്രത്യേക ഘടകങ്ങളെ അടിസ്ഥാനമാക്കി തിരഞ്ഞെടുക്കുന്ന ഈ ഫണ്ട് മികച്ച പ്രകടനത്തിലൂടെ വിപണിയിലെ അനിശ്ചിതാവസ്ഥകളെ മറികടന്ന് ഉയർന്ന വരുമാനം നേടിത്തരുന്ന രീതിയിലാണ് സംവിധാനിച്ചിരി ക്കുന്നതെന്ന് ബന്ധൻ എഎംസി സിഇഒ വിശാൽ കപൂർ പറഞ്ഞു.



# ശബരിമല: ഹൈഡ്രോളിക് മേൽക്കൂര 17ന് മുൻപ് പൂർത്തിയാക്കും

**പത്തനംതിട്ട:** മണ്ഡലകാലത്തിനു മുന്നോടിയായി ഡിജിറ്റൽ പേയ്മെന്റ് സംവിധാനം ഊർജിതമായി നടപ്പാക്കിവരികയാണെന്നു തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. അനന്തഗോപൻ. പ്രസ്ക്ലബ് സംഘടിപ്പിച്ച ശബരിമല സുഖദർശനം സംവാദ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സന്നിധാനത്ത് പല ഭാഗത്തും ഇതു നടപ്പാക്കിക്കഴിഞ്ഞു. പമ്പയിലും നിലയ്ക്കലിലും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

പതിനെട്ടാംപടിക്ക് മുകളിലെ ഹൈഡ്രോളിക് മേൽക്കൂരയുടെ നിർമാണം 17ന് മുൻപു പൂർത്തിയാക്കും. മേൽക്കൂരയ്ക്കുള്ള ഗ്ലാസിന്റെ ജോലികൾ അടിയന്തര പ്രാധാന്യത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്. വെർച്വൽ ക്യൂ തുടരും, ക്യൂ കോംപ്ലക്സുകളെ ഉപയോഗിച്ച് സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ തിരുപ്പതി മോഡൽ ക്യൂവും നടപ്പിലാക്കും. വെടിവഴിപാട് തുടങ്ങാൻ അപേക്ഷ നൽകിയിട്ടുണ്ട്. പമ്പയിൽ പാർക്കിങ് നിരോധനം ഇക്കുറിയും ഉണ്ടാകും. ഹൈക്കോടതി നിർദേശ പ്രകാരമാണ് നടപടി.

ശബരിമല തീർഥാടനത്തോട് അനുബന്ധിച്ച് നിലയ്ക്കലിൽ 17 ഗ്രൗണ്ടുകളിലായി 7000 വാഹനങ്ങൾക്ക് പാർക്കിങ് സൗകര്യമൊരുക്കും. കഴിഞ്ഞ തവണത്തേതിൽ നിന്നും വ്യത്യസ്തമായി ഇത്തവണ ഫാസ്ടാഗ് സംവിധാനം ഏർപ്പെടുത്തുന്നുണ്ട്. മഴ പെയ്യുമ്പോൾ വാഹനം ചെളിയിൽ പുതയുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പാർക്കിങ് ഏരിയകളിലെല്ലാം മെറ്റലിട്ട് ഉറപ്പിക്കുന്ന ജോലികൾ നടന്നു വരികയാണ്.

അരവണ നിർമാണം നവംബർ ഒന്നുമുതൽ. പ്ലാന്റുകൾ ഫോഗിങ് നടത്തി അടച്ചിട്ടിരിക്കുകയാണ്. ഇപ്പോഴുള്ളതിന് പുറമേ ആവശ്യമായ കൂടുതൽ ടിന്നുകൾക്കായുള്ള ടെൻഡർ നടന്നു വരികയാണ്. ദേവസ്വം ബോർഡിന്റെ കീഴിൽ ടിൻ നിർമിക്കുന്നതിനുള്ള ഫാക്ടറി തെള്ളിയൂരിൽ തുടങ്ങും. ഇതിന്റെ വിശദപദ്ധതി രേഖ അംഗീകരിച്ചു കഴിഞ്ഞു. അപ്പം നിർമാണം നവംബർ പത്തിന് തുടങ്ങും.

സന്നിധാനത്ത് വിവിധയിടങ്ങളിലായി 168 പുതിയ ശുചിമുറി പണിതു. ഇതിൽ 35 എണ്ണം സ്ത്രീകൾക്കാണ്. പമ്പയിൽ 460 എണ്ണത്തിൽ 66 എണ്ണം സ്ത്രീകൾക്കാണ്. ഇവിടെ 26 ശുചിമുറികൾ മാത്രമേ സൗജന്യമായി ഉപയോഗിക്കാനാകൂ. നിലയ്ക്കലിലും സൗകര്യം ഒരുക്കിയിട്ടുണ്ട്.

പമ്പയിൽ തീർഥാടകർക്ക് വിശ്രമിക്കാനായി മുൻപ് രാമമൂർത്തി മണ്ഡപം നിന്ന സ്ഥാനത്ത് താൽക്കാലിക പന്തൽ പണിയും. നിലയ്ക്കലിൽ കെഎസ്ആർടിസി ബസ് സ്റ്റാൻഡ് വികസനം പൂർത്തിയായി. നിലയ്ക്കൽ ശുദ്ധജല പദ്ധതിയുടെ പണി ഇലവുങ്കലിൽ വച്ച് നിർത്തിയിട്ടുണ്ട്. കുഴി നികത്തി ടാർ ചെയ്യുന്ന ജോലികൾ മരാമത്ത് വിഭാഗം ആരംഭിച്ചിട്ടുണ്ട്.





# വിരാട് കോഹ്‌ലിയുടെ ബാക്ക് മാജിക്

തന്റെ ഫിറ്റ്നസ്സിലും ആരോഗ്യത്തിലും വിരാട് കൊഹ്‌ലിക്കുള്ള ശ്രദ്ധ വളരെ പ്രശസ്തമാണ്. അതിനാൽ തന്നെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനായി തനിക്ക് 8 മണിക്കൂർ സുഖനിദ്ര ലഭിക്കുക എന്ന മറ്റൊരു പ്രധാന കാര്യത്തിലും വിരാട് ശ്രദ്ധാലുവാണ്. ഇപ്പോൾ നടക്കുന്ന ലോകകപ്പിനായുള്ള തയ്യാറെടുപ്പിൽ തനിക്ക് ഊർജ്ജസ്വലത പ്രദാനം ചെയ്യുന്ന ഗാഢനിദ്ര അദ്ദേഹത്തിന്റെ പ്രാഥമിക പരിഗണനകളിൽ ഒന്നാണ്. ലോകകപ്പിനായി വിവിധ നഗരങ്ങളിലേക്ക് നിരവധി യാത്രകൾ നടത്തേണ്ടതിനാൽ തന്റെ ആരോഗ്യകരമായ നിദ്ര തടസ്സപ്പെടാൻ ഇടയുണ്ടെന്നും അത് തന്റെ കളിയെ ബാധിക്കുമെന്നും സംശയിച്ച വിരാട് കോഹ്ലി വ്യത്യസ്ത സ്ഥലങ്ങളിൽ തനിക്ക് എപ്പോഴും സുഖനിദ്ര ലഭിക്കുന്ന തരത്തിൽ സഹായിക്കാനായി ഡ്യൂറോഫ്ലക്സിനോട് ആവശ്യപ്പെട്ടിരിക്കുന്നു. കളിയ്ക്കുവേണ്ടിയായാലും പരിശീലനത്തിനായാലും, തങ്ങളുടെ ബ്രാൻഡ് അംബാസഡർ വിരാട് കോലി ഏത് നഗരത്തിലുമാകട്ടെ ഭാരതത്തിലെ മുൻനിര കിടക്ക നിർമ്മാതാക്കളായ ഡ്യൂറോഫ്ലക്സ് അവരുടെ ബാക്ക് മാജിക്ക് കിടക്കകൾ അദ്ദേഹത്തിനായി എത്തിയ്ക്കുന്നു.

മികച്ച പ്രകടനം ആവശ്യമുള്ള ജീവിതശൈലികൾക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന 5സോൺ ഫുൾ ബോഡി സപ്പോർട്ടുള്ള ഈ കിടക്ക, അദ്ദേഹത്തിന് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഐ.സി.സി വേൾഡ് കപ്പ് സമയത്ത് പേശികളെ അയവുള്ളതാക്കാനും, പുറത്തിന് ആവശ്യമായ പിന്തുണ നൽകി സുഖമുള്ള ഉറക്കം ഉറപ്പു നൽകാനും സഹായിക്കുന്നു. ഡ്യൂറോഫ്ലക്സിന്റെ ഡ്യൂറോപീഡിക് ശ്രേണിയിലുള്ള ബാക്ക് മാജിക്ക്, വിരാടിന് ഏറെയിഷ്ടമുള്ള, ഏറ്റവുമധികം വിറ്റുപോകുന്ന കിടക്കകളിൽ ഒന്നാണ്. രാജ്യം മുഴുവനും വിരാട് കോലിക്കും ടീം ഇന്ത്യയ്ക്കും പിന്നിൽ അണിനിരക്കുന്ന ഈ സമയത്ത്, ഡ്യൂറോഫ്ലക്സ് അവർക്ക് വൻ വിജയം മാത്രമല്ല, മികച്ച, ആരോഗ്യകരമായ ഉറക്കവും ആശംസിക്കുന്നു. ഈ ലോകകപ്പിന്റെ തയ്യാറെടുപ്പുകളുടെ ഭാഗമാകാനായതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്, ഒപ്പം ടീമിന് ഒരു വിജയകരമായ ടൂർണമെന്റും ഞങ്ങൾ ആശംസിക്കുന്നു. ഈയവസരത്തിൽ സംസാരിക്കവെ, ഡ്യൂറോഫ്ലക്സ് സി.ഇ.ഒ ശ്രീ മോഹൻ രാജ് ജഗന്നിവാസൻ പറഞ്ഞു.


# കോഴിക്കോട് വിമാനത്താവളത്തിൽ 24 മണിക്കൂർ സർവീസ്; വരുന്നു കൂടുതൽ വിമാനക്കമ്പനികൾ

**കരിപ്പൂർ:** റൺവേ റീ കാർപറ്റിങ് അനുബന്ധ ജോലികൾ പൂർത്തിയായതോടെ ഇന്ന് 24 മണിക്കൂർ വിമാന സർവീസ് പുനരാരംഭിക്കുന്ന കോഴിക്കോട് വിമാനത്താവളത്തിലേക്ക് കൂടുതൽ സർവീസുകളുമായി വിമാനക്കമ്പനികൾ എത്തുന്നു. നിലവിലുള്ള സർവീസുകളുടെ എണ്ണം കൂട്ടുന്നതിനും നിർത്തിയ സർവീസുകൾ പുനരാരംഭിക്കുന്നതിനുമൊപ്പം, കോഴിക്കോട് സെക്ടറിൽ സർവീസ് ആരംഭിക്കാൻ പുതിയ വിമാനക്കമ്പനികളും എത്തുമെന്നു സൂചനയുണ്ട്.



കോവിഡ് നിയന്ത്രണത്തിനു പിന്നാലെ സർവീസ് നിർത്തിയ ഇത്തിഹാദിന്റെ കരിപ്പൂരിലേക്കുള്ള തിരിച്ചുവരവ് ഉറപ്പായി. കോഴിക്കോട് അബുദാബി സെക്ടറിൽ ജനുവരി മുതൽ എല്ലാ ദിവസവും സർവീസ് ഉണ്ടാകുമെന്നാണു വിവരം. അതിനു മുന്നോടിയായി അടുത്ത മാസം മുതൽ ആഴ്ചയിൽ മൂന്നോ നാലോ ദിവസം സർവീസ് നടത്തുന്നതിനും അനുമതി തേടിയിട്ടുണ്ട്.

സൗദിയിലേക്ക് കൂടുതൽ യാത്രക്കാരുള്ള വിമാനത്താവളമാണു കരിപ്പൂർ. അതു കണക്കിലെടുത്ത് സൗദി എയർലൈൻസും തിരിച്ചുവരവ് ആലോചിക്കുന്നുണ്ട്. എന്നാൽ, എന്നു മുതൽ സർവീസ് പുനരാരംഭിക്കാനാകുമെന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. ശ്രീലങ്കൻ വിമാനക്കമ്പനിയും കോഴിക്കോട് സെക്ടറിൽ സർവീസിനു താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

നിലവിലുള്ള സർവീസുകളുടെ എണ്ണം കൂട്ടാൻ പല വിമാനക്കമ്പനികളും തീരുമാനിച്ചു. മസ്കത്തിലേക്കുള്ള ഒമാൻ എയർ ആഴ്ചയിൽ 3 സർവീസുകൾ കൂട്ടും. റിയാദിലേക്കുള്ള ഫ്‌ലൈ നാസ് ആഴ്ചയിൽ 4 സർവീസുള്ളത് ആറാക്കുന്നുണ്ട്. ഇൻഡിഗോ ആഭ്യന്തര സർവീസുകളുടെ എണ്ണം കൂട്ടും. എയർ ഇന്ത്യ എക്സ്പ്രസും കൂടുതൽ സർവീസുകൾ പരിഗണിക്കുന്നുണ്ട്.

എല്ലാതരം വലിയ വിമാനങ്ങളും ഇറങ്ങിയിരുന്ന കോഴിക്കോട് വിമാനത്താവളത്തിൽ 2015 ഏപ്രിൽ മുതലാണ് റൺവേ റീ കാർപറ്റിങ്ങിന്റെ പേരിൽ വലിയ വിമാനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയയത്. പിന്നീട് അവയൊന്നും പൂർണതോതിൽ തിരിച്ചുവന്നിട്ടില്ല. റീ കാർപറ്റിങ് പൂർത്തിയായെങ്കിലും 2018ൽ വലിയ വിമാനങ്ങളുടെ ഇ ശ്രേണിയിൽപെട്ട ഇടത്തരം വലിയ വിമാനങ്ങൾക്കു മാത്രമേ അനുമതി ലഭിച്ചുള്ളൂ. 2020 ഓഗസ്റ്റ് 7ന് വിമാനാപകടം ഉണ്ടായതിനെത്തുടർന്ന് ആ അനുമതിയും പിൻവലിച്ചു. നിലവിൽ ചെറുവിമാനങ്ങൾ മാത്രമാണ് ഇവിടെനിന്നു സർവീസ് നടത്തുന്നത്. വലിയ വിമാനങ്ങൾ അനുവദിക്കണമെങ്കിൽ റൺവേയുടെ സുരക്ഷാ മേഖലയുടെ നീളം 90ൽനിന്ന് 150 മീറ്ററാക്കണമെന്നാണു നിർദേശം.

## ഫിറ്റ്നെസ് സർട്ടിഫിക്കറ്റിന് നവംബർ 1 മുതൽ സീറ്റ് ബെൽറ്റും ക്യാമറയും നിർബന്ധം; ആന്റണി രാജു

**തിരുവനന്തപുരം:** സ്റ്റേജ് കാരിയേജ് ഉൾപ്പെടെയുള്ള എല്ലാ ഹെവി വാഹനങ്ങളുടെ ഡ്രൈവർക്കും മുൻ സീറ്റിൽ യാത്ര ചെയ്യുന്നയാൾക്കും കേന്ദ്ര നിയമം അനുശാസിക്കുന്ന വിധത്തിൽ സീറ്റ് ബെൽറ്റും, സ്റ്റേജ് കാരിയേജുകൾക്കുള്ളിലും പുറത്തും ക്യാമറ ഘടിപ്പിക്കണമെന്ന ഉത്തരവും നവംബർ 1 മുതൽ പ്രാബല്യത്തിൽ വരുമെന്ന് മന്ത്രി ആന്റണി രാജു അറിയിച്ചു.

ഹെവി വാഹനങ്ങൾക്ക് സീറ്റ് ബെൽറ്റും ക്യാമറകളും ഘടിപ്പിക്കുന്നത് നിർബന്ധമാക്കുന്നത് നവംബർ 1 മുതൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതു മുതലേ ബാധകമാക്കാവൂ എന്ന വാഹന ഉടമകളുടെ ആവശ്യം അംഗീകരിച്ചു കൊണ്ട്, സീറ്റ് ബെൽറ്റും ക്യാമറകളും ഘടിപ്പിച്ച വാഹനങ്ങൾക്കു മാത്രമേ നവംബർ 1 മുതൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്നും ആന്റണി രാജു ഉത്തരവിട്ടു.




# ഏജസ് ഫെഡറൽ കൊച്ചി സ്പൈസ് കോസ്റ്റ് മാരത്തൺ: ജോസും തൃപ്തിയും ജേതാക്കൾ

**കൊച്ചി:** ഏജസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് കൊച്ചി സ്പൈസ് കോസ്റ്റ് മാരത്തൺ 2023ന്റെ താരങ്ങളായി ജോസ് ഇല്ലിക്കലും തൃപ്തി കട്കർ ചവാനും. ഫുൾമാരത്തൺ പുരുഷ വിഭാഗത്തിൽ വയനാട് സ്വദേശിയായ ജോസ് ഇല്ലിക്കൽ ഒന്നാമതെത്തിയപ്പോൾ, വനിതാ വിഭാഗത്തിൽ മഹാരാഷ്ട്രയുടെ തൃപ്തി ചവാൻ ചാമ്പ്യനായി. മികച്ച രീതിയിൽ മത്സരം തുടങ്ങിയ നിലവിലെ ചാമ്പ്യനായ ജോസ് മത്സരത്തിന്റെ തുടക്കത്തിൽ തന്നെ ലീഡ് നേടി. 3 മണിക്കൂർ, 2 മിനിറ്റ് 55 സെക്കൻഡിലാണ് 42.2 കി.മീറ്റർ ദൂരം ഫിനിഷ് ചെയ്തത്. ബെൻസൺ സി.ബി (03:05:34), സുജിത്ത് ടി.ആർ (03:14:33) എന്നിവർ ഈ വിഭാഗത്തിൽ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കഴിഞ്ഞ മാരത്തണിലെയും ജേതാവായിരുന്നു ജോസ്. ബെൻസൺ തന്നെയായിരുന്നു രണ്ടാമത്. വനിതകളുടെ ഫുൾ മാരത്തണിൽ ഏകപക്ഷീയ വിജയമായിരുന്നു തൃപ്തി ചവാന്റേത്. തുടക്കം മുതൽ വെല്ലുവിളിയില്ലാതെ മുന്നേറിയ അവർ 04:31:55 സമയത്തിൽ ഒന്നാമതായി ഫിനിഷ് ചെയ്തു. ഷൈമ ഐ.കെ (05:02:09) രണ്ടാം സ്ഥാനവും, ഷൈനാമോൾ പാലത്താന (05:09:33) മൂന്നാം സ്ഥാനവും നേടി.

ഹാഫ് മാരത്തണിൽ സജിത്ത് കെ.എം (01:21:49), രമ എ.കെ (02:01:25) എന്നിവർ യഥാക്രമം പുരുഷ, വനിത വിഭാഗങ്ങളിൽ ചാമ്പ്യൻമാരായി. ഡേവിഡ് കൗലിഷോ (01:25:26) അതുൽ രാജ് (01:27:40) എന്നിവരാണ് പുരുഷ വിഭാഗത്തിലെ രണ്ടും മൂന്നും സ്ഥാനക്കാർ. ശ്രീദേവി കെ.സി (02:07:41) വനിത വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടി. സോജ സിയ (02:11:18) മൂന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്തു. മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ നിന്ന് തുടങ്ങി ഹോസ്പിറ്റൽ റോഡ്, ബോട്ട് ജെട്ടി, മറൈൻ ഡ്രൈവ് ക്വീൻസ് വേ, ഫോർഷോർ റോഡ്, തേവര, രവിപുരം, നേവൽ ബേസ്, വെണ്ടുരുത്തി, തോപ്പുംപടി, ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി, എം.ജി റോഡ് വഴി കറങ്ങി തിരികെ മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ അവസാനിക്കുന്ന വിധത്തിലായിരുന്നു മാരത്തൺ.

പുലർച്ചെ 3.30ന് മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ ഏജസ് ഫെഡറൽ ലൈഫ് ഇൻഷുറൻസിന്റെ ബ്രാൻഡ് അംബാസഡറും ക്രിക്കറ്റ് ഇതിഹാസവുമായ സച്ചിൻ ടെണ്ടുൽക്കർ ഫുൾ മാരത്തൺ ഫ്ലാഗ്ഓഫ് ചെയ്തു. ഹാഫ് മാരത്തൺ, ഫൺ റൺ എന്നിവയുടെ ഫ്ലാഗ്ഓഫും സച്ചിൻ നിർവഹിച്ചു. സോൾസ് ഓഫ് ഇന്ത്യ സംഘടിപ്പിച്ച രാജ്യത്തെ ചുരുക്കം ഗ്രീൻ മാരത്തണുകളിൽ ഒന്നായ ഏജസ് ഫെഡറൽ ലൈഫ് കൊച്ചി സ്പൈസ് കോസ്റ്റ് മാരത്തണിനെ പ്രശംസിക്കാനും സച്ചിൻ മറന്നില്ല. ഏറ്റവും മനോഹരമായ മാരത്തണാണിതെന്നും, ഇതിൽ സഹകരിക്കുന്നതിൽ അഭിമാനമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇതിന് നേതൃത്വം നൽകിയതിന് സംഘാടകരെയും സ്പോൺസർമാരെയും അഭിനന്ദിക്കുന്നു. റൺ ഏജ്‌ലെസ്, റൺ ഫിയർലെസ് എന്ന സന്ദേശവുമായി ദൃഢനിശ്ചയത്തോടെ 7,000ത്തോളം ഓട്ടക്കാർ ഈ മാരത്തണിൽ പങ്കെടുക്കുന്നുവെന്നത് അതിശയകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിജയികൾക്കുള്ള സമ്മാനദാനവും അദ്ദേഹം നിർവഹിച്ചു. ഗ്രീൻ മാരത്തണിന്റെ ഭാഗമായി ഈ വർഷം 6000 മരങ്ങളാണ് നട്ടുപിടിപ്പിച്ചതായി ഏജസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് എംഡിയും സിഇഒയുമായ വിഘ്നേഷ് ഷഹാനെ ചടങ്ങിൽ അറിയിച്ചു. മേയർ എം.അനിൽകുമാർ, ഹൈബി ഈഡൻ എം.പി, ഉമ തോമസ് എംഎൽഎ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് തുടങ്ങിയവരും പങ്കെടുത്തു.




# കൊച്ചിക്കാർക്ക് ദൃശ്യ വിരുന്നൊരുക്കി ദാണ്ഡിയ ഡാൻസ് നൈറ്റ്

**കൊച്ചി:** മലയാള നാട്ടിൽ അപൂർവ്വവും എന്നാൽ രാജ്യത്തിൻറെ പാശ്ചാത്യ ദേശങ്ങളിൽ ആഘോഷങ്ങളെ ഊർജ്ജസ്വലവും ആകർഷകവും ആക്കുന്നതുമായ ദാണ്ഡിയ നടന കലയിലെ കണ്ണഞ്ചിപ്പിക്കുന്ന വർണ്ണങ്ങളും അത്ഭുതപ്പെടുത്തുന്ന മെയ് വഴക്കവും ചടുലമായ നൃത്ത ചുവടുകളുമായി 500ൽ പരം കലാകാരന്മാരും കലാകാരികളും നിറഞ്ഞാടിയ ഫോറം ദാണ്ഡിയ ഡാൻസ് നൈറ്റ് കൊച്ചിക്കാർക്ക് ദൃശ്യവിരുന്നായി..

നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി കൊച്ചിയിലെ ഗുജറാത്തി അസോസിയേഷൻറെ മേൽനോട്ടത്തിൽ 5 വയസ്സുള്ള കുട്ടികൾ മുതൽ 70ന് മേൽ പ്രായമായ സ്ത്രീകളും പുരുഷന്മാരും ചേർന്ന് ഫോറം മാളിൽ അവതരിപ്പിച്ച ദാണ്ഡിയ ഡാൻസ് നൂറുകണക്കിന് കാണികൾക്ക് അപൂർവ്വ സായാഹ്നം സമ്മാനിച്ചു.

വർണ്ണാഭമായി അലങ്കരിച്ച ചെറിയ മുള വടികളേന്തി ഡ്രംസ് സ്പന്ദനങ്ങൾക്കും ശ്രവണ സുന്ദര ഗാനങ്ങൾക്കും അനുസരിച്ച് കൈകളും കാലുകളും അസാമാന്യ വഴക്കത്തോടെ സങ്കീർണവും വേഗതയേറിയതുമായ രീതിയിൽ ചലിപ്പിക്കുന്നതാണ് ഗുജറാത്ത്, രാജസ്ഥാൻ എന്നിവിടങ്ങളിലെ ഈ പരമ്പരാഗത നടന കല. നവരാത്രി ആഘോഷ വേളകളിൽ ദുർഗ പ്രീതിക്കായിയാണ് ദാണ്ഡിയ ഡാൻസ് അവതരിപ്പിക്കുന്നു എന്നാണ് ഐതീഹ്യം. നമ്മുടെ നാട്ടിലെ നാടോടി നൃത്തവുമായി ഇതിന് ഏറെ സാമ്യമുണ്ട്.

ഇത്രയധികം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് കേരളത്തിലെ ഒരു മാളിൽ ആദ്യമായാണ് ദാണ്ഡിയ നൃത്ത നിശ സംഘടിപ്പിക്കുന്നതെന്ന് സംഘാടകർ പറഞ്ഞു. പരിപാടിയിൽ പങ്കെടുത്തവർക്ക് ഉത്തരേന്ത്യൻ വിഭവങ്ങൾ ആസ്വദിക്കാനും അതിശയിപ്പിക്കുന്ന സമ്മാനങ്ങൾ നേടാനും കൂടി അവസരം ഒരുക്കിയിരുന്നു. പ്രശസ്ത ഗുജറാത്തി നൃത്ത സംവിധായക അമി ജനാനിയുടെ മേൽനോട്ടത്തിൽ ദിവസങ്ങളോളം പരിശീലനം നടത്തിയവരായിരുന്നു ഈ മെഗാ ഡാൻസ് നൈറ്റിൻറെ അരങ്ങത്തെത്തിയത്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% CUSTOMER SATISFACTION GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663